ദി ഡിഫെൻഡർ

Vol. No. 7 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2004 SEPTEMBER 16

# റ്റി.എസ്.ബാലന്റെ പട്ടിക്കും പൂച്ചയ്ക്കും ഡോക്ട്രേറ്റ്

റ്റി.എസ്.ബാലന്റെ പട്ടി ടോമിക്കും പൂച്ച ക്ലിന്റനും ഡോക്ട്രേറ്റ് കിട്ടിയിരിക്കുന്നു. തിരുവനന്തപുരം (കൊഴുവൂർ-മൂന്നുമുക്ക്) കേന്ദ്രമായുള്ള ബൈബിൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ പട്ടിക്കും പൂച്ചയ്ക്കും "ഡോക്ടർ ഓഫ് ഡിവിനിറ്റി" എന്ന ബിരുദം നൽകാൻ തീരുമാനിച്ചത്.

ബൈബിൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ടോമിക്കും ക്ലിന്റനും ഡോക്ട്രേറ്റ് നൽകാൻ തീരുമാനിച്ചതായി അറിയിച്ചുകൊണ്ടുള്ള കത്ത് ഈ മാസം ആറാം തീയതി റ്റി.എസ്.ബാലന്റെ വീട്ടിൽ ലഭിച്ചു. കത്തു കിട്ടി പതിനഞ്ചു ദിവസം കഴിയുമ്പോൾ ഡോക്ട്രേറ്റ് വി.പി.പി. ആയി എത്തുമെന്നും അപ്പോൾ 1000 രൂപ വീതം നൽകി ഡോക്ട്രേറ്റ് കൈപ്പറ്റിയാൽ മതിയെന്നും കത്തിൽ എഴുതിയിരുന്നു. ഈ സ്ഥാപനത്തിൽ നിന്നും ഡോക്ട്രേറ്റ് വാങ്ങിയവരുടെ ഒരു നീണ്ട ലിസ്റ്റും കത്തിനോടൊപ്പം ഉണ്ടായിരുന്നു.

എങ്ങനെയാണ് ഈ പട്ടിക്കും പൂച്ചയ്ക്കും ഡോക്ട്രേറ്റ് ലഭിച്ചത് എന്ന് വിശദീകരിക്കാം. പെരുമ്പാവൂരിൽ ജോസ് പി.കാർമൽ എന്നു പേരുള്ള ഒരു ദൈവദാസനുണ്ട്. അദ്ദേഹത്തിന് ഡോക്ട്രേറ്റ് നൽകാൻ തീരുമാനിച്ചതായി അറിയിച്ചുകൊണ്ട് ബൈബിൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കത്തയച്ചു. ഈ കത്ത് അദ്ദേഹം ഡിഫെൻഡറിന്റെ ഓഫീസിൽ



ഡോക്ട്രേറ്റോ? എനിക്കോ? (ഡോ.ടോമി കെനൽ)

നൽകി. തനിക്ക് ഡോക്ട്രേറ്റ് വേണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ പേരും വിലാസവും മറ്റാരോ നൽകിയതാണ്. ഒരു അന്വേഷണവും നടത്താതെ അദ്ദേഹത്തിന് ഡോക്ടർ ഓഫ് ഡിവിനിറ്റി പ്രഖ്യാപിക്കുകയും ചെയ്തു. ആയിരം രൂപയാണ് ഫീസ്. 15 ദിവസത്തിനകം പോസ്റ്റ്മാൻ വി.പി.പിയുമായി വരുമ്പോൾ പണം കൊടുത്ത് ഡോക്ട്രേറ്റ് വാങ്ങിയാൽ മതിയാകും. ഒപ്പം ഒരുലക്ഷം രൂപയുടെ പുസ്തകങ്ങൾ സൗജന്യമായി ലഭിക്കയും ചെയ്യും. ഈ ഡോക്ട്രേറ്റിന് കടലാസിന്റെ വില പോലും ഇല്ലെങ്കിലും ആയിരം രൂപയ്ക്ക് ഒരുലക്ഷം രൂപയുടെ പുസ്തകങ്ങൾ ലഭിക്കുമെങ്കിൽ ഈ ഓഫർ സ്വീകരിക്കാമല്ലോ.

പുസ്തകങ്ങളേക്കുറിച്ചുള്ള വിശദ വിവരങ്ങൾ അറിയാനായി ഞങ്ങൾ ഈ സ്ഥാപനവുമായി ബന്ധപ്പെട്ടു. അപ്പോഴാണ് തട്ടിപ്പിന്റെ തനിസ്വരൂപം പിടികിട്ടിയത്. കുറെ ഇംഗ്ലീഷ് പുസ്തകങ്ങളുടെ സി.ഡിയാണ് ലഭിക്കുക. ഈ പുസ്തകങ്ങൾക്ക് നല്ല വിലയുണ്ടെങ്കിലും സി.ഡി. കോപ്പിയടിച്ച് വിതരണം നടത്താൻ ഈ സ്ഥാപനത്തിന് 10 രൂപയിൽ അധികം ചെലവ് വരികയില്ല. പുസ്തകമല്ല സി.ഡിയാണ് കിട്ടുക എന്ന് പണം കൊടുത്തു



ഡോ.ക്ലിന്റൻ കണ്ടൻ

കഴിഞ്ഞു മാത്രമേ ഡോക്ട്രേറ്റ് വാങ്ങിയവർ അറിയൂ.

ഒരു അന്വേഷണവും നടത്താതെ ഡോക്ട്രേറ്റ് കൊടുക്കുമെങ്കിൽ പട്ടിക്കും പൂച്ചയ്ക്കും ഓരോ ഡോക്ട്രേറ്റ് വാങ്ങണമെന്ന് റ്റി.എസ്.ബാലൻ തീരുമാനിച്ചു. അതനുസരിച്ച് ജോസ് പി. കാർമൽ ബൈബിൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഫോൺ ചെയ്തു. പെരുമ്പാവൂരുള്ള ടോമി കെനൽ, ക്ലിന്റൻ കെ. എന്നിവർക്കുകൂടി ഡോക്ട്രേറ്റ് നൽകാമോ? 1000 രൂപ വീതം നൽകുമെങ്കിൽ ഡോക്ട്രേറ്റ് നൽകാം, അവർ സമ്മതിച്ചു. അങ്ങനെ ടോമി കെനൽ, ക്ലിന്റൻ കെ. എന്നിവരുടെ വിലാസങ്ങൾ പറഞ്ഞുകൊടുത്തു. ടോമി കെനൽ, ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം, പെരുമ്പാവൂർ. ക്ലിന്റന്റെ വിലാസവും ഇതുതന്നെ.

മൂന്നാംപക്കം കത്തു കിട്ടി. ടോമിയേയും ക്ലിന്റനേയും പോസ്റ്റ്മാൻ അറിയില്ലെങ്കിലും വിലാസത്തിന്റെ ബാക്കിയുള്ള ഭാഗം നോക്കി റ്റി.എസ്.ബാലന്റെ വീട്ടിൽ കത്തു നൽകി. അങ്ങനെ ടോമി കെനലും (കെനൽ എന്ന വാക്കിന് പട്ടിക്കൂട് എന്നാണ് അർത്ഥം) ക്ലിന്റൻ കെ.യും (കെ. എന്നത് കണ്ടൻ എന്നതിന്റെ ചുരുക്ക രൂപമാണ്) ഡാക്കിട്ടർമാരായി. ഡോക്ട്രേറ്റും സി.ഡിയും ഉൾക്കൊള്ളുന്ന വി.പി.പി. അടുത്തയാഴ്ച എത്തിയേക്കും.

ഏതാനും വർഷം മുൻപ് Freedom Institute for Theological Studies & Research എന്നൊരു തട്ടിപ്പു പ്രസ്ഥാനം തിരുവനന്തപുരത്തുണ്ടായിരുന്നു. ഡോ.പി.സി. കുര്യൻ എന്നൊരു വിരുതൻ ശങ്കു ആയിരുന്നു ഈ സ്ഥാപനം നടത്തിയിരുന്നത്. ഡി.ലിറ്റ്. വരെയുള്ള ബിരുദങ്ങൾ ഇയാൾ കൊടുക്കുകയും ചെയ്തിരുന്നു. കോശി ഏബ്രഹാം റാന്നി, ടൈറ്റസ് കാർത്തികപ്പള്ളി തുടങ്ങിയവരെ ഡോയാക്കിയത് ഈ കുര്യനാണ്. ചുമ്മാ ഡോ.കുര്യൻെറ തട്ടിപ്പ് ഡിഫെൻഡർ പുറത്തു കൊണ്ടു വന്നതോടെ അയാൾ കട്ടയും പടവും മടക്കി. അതേ ഗതിയാണ് ബൈബിൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനും ഉണ്ടാകാൻ പോകുന്നത്.

**മരുപ്പച്ച ദ്വൈവാരികയുടെ കഴിഞ്ഞ ലക്കത്തിൽ സുരേഷ് കൊടുത്ത പരസ്യം**

## HONORARY DOCTORATE

Honorary Doctorate for Christian workers. Hundreds of Pastors, Evangelists and Christian leaders from CSI, Catholic, Marthomite, IPC, AG, Sharon, Church of God, Brethren and many other independent organisations have taken honorary doctorate from BRI. If you like to get a Doctorate, send your bio-data/application to The Executive Director, Bible Research Institute, Moonnumukku, Kozhuvur P.O., TVPM-695 526.

**Tel: 0471-2263154**
**e-mail: bri_india@yahoo.com**
**www.geocities.com/bri_india**

## സൂത്രധാരൻ



ഡാക്കിട്ടർ സുരേഷ്

പട്ടിക്കും പൂച്ചയ്ക്കും വരെ ഡോക്ട്രേറ്റ് കൊടുക്കുന്ന മഹാനുഭാവൻ ആരെന്നറിയുവാൻ ആഗ്രഹിക്കുന്നവർക്ക് ആ തിരുമോന്ത ഫോട്ടോയിൽ കാണാനെങ്കിലും അവസരം ഒരുക്കാതിരിക്കുന്നത് മോശമല്ലേ. അതുകൊണ്ട് ഇതാ അദ്ദേഹത്തിന്റെ തിരുസ്വരൂപം. ഇത് എല്ലാവരും വെട്ടിയെടുത്ത് ഫ്രേം ഇട്ട് സൂക്ഷിക്കണം. കാരണം, ഈ ഇനം വളരെ അപൂർവ്വമാണ്.

## ഡോക്ട്രേറ്റ് ലഭിച്ചത് ആർക്കൊക്കെ?

ആർ.എസ്.സുരേഷ് നടത്തുന്ന ബൈബിൾ റിസേർച്ച് സെന്റർ എന്ന തട്ടിപ്പു സ്ഥാനത്തിൽ നിന്നും ഡോക്ട്രേറ്റ് വാങ്ങിയവരുടെ നീണ്ട നിര കണ്ടാൽ അത്ഭുതപ്പെട്ടുപോകും. വളരെ മാന്യമായി ജീവിതം നയിച്ചു വരുന്നവരാണ് ഇവരിൽ പലരും. വിശേഷിച്ചൊരു ഡോക്ട്രേറ്റ് ഇല്ലെങ്കിലും ഇവരുടെ പാണ്ഡിത്യം ഏവരും അംഗീകരിക്കുന്നതാണ്. എന്നിട്ടും ഇവർ പണം കൊടുത്ത് ചുമ്മാഡോ ആയി. എന്തിന്? അറിഞ്ഞുകൂടാ. ഏതായാലും ഇത്തരക്കാരുടെ ലിസ്റ്റ് ഏഴാം പേജിൽ കൊടുത്തിട്ടുണ്ട്.

## ഡോക്ട്രേറ്റ് വേണ്ടേ വേണ്ട

ഒരു ഡോക്ട്രേറ്റ് എടുക്കണമെന്നുള്ളത് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ വലിയൊരു ആഗ്രഹമായിരുന്നു. അതിനായി മൂന്നു വർഷം മുൻപ് സെരാംപൂർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തു. ഏതാനും മാസംകൂടി പഠനം തുടർന്നാൽ മിനിസ്ട്രിയിൽ ഡോക്ട്രേറ്റ് കിട്ടുകയും ചെയ്യും. അതു കഴിഞ്ഞ് ഏതെങ്കിലും സെക്കുലർ വിഷയത്തിൽ ഒരു ഡോക്ട്രേറ്റ് കൂടി എടുക്കണമെന്നും ആഗ്രഹമുണ്ടായിരുന്നു. പക്ഷേ എന്റെ പട്ടിക്കും പൂച്ചയ്ക്കും വരെ ഡോക്ട്രേറ്റ് കിട്ടിയിരിക്കുന്ന ഈ സാഹചര്യത്തിൽ ഞാൻ പഠനം നിർത്തുകയാണ്. ഒന്നാംക്ലാസ്സ് മുതൽ കണക്കാക്കിയാൽ 30 വർഷം ഞാൻ പഠിച്ചു. മതി. വയസ്സ് 49 ആകുന്നു. ഇനി വളരെ കുറച്ചു കാലമേ ബാക്കിയുള്ളൂ. പട്ടിക്കും പൂച്ചയ്ക്കും വരെ കിട്ടുന്ന ഡോക്ട്രേറ്റ് എടുക്കാനായി ഈ എണ്ണപ്പെട്ട ദിവസങ്ങൾ പാഴാക്കാൻ മനസ്സു വരുന്നില്ല.

ദി ഡിഫെൻഡർ

Vol. No.7 Issue No. 18 2004 September 16

# പുല്ലുതിന്നുന്ന പുലികൾ

പുല്ലുതിന്നണമെന്ന് ഒരു പുലിക്കും ആഗ്രഹമില്ല. പക്ഷേ മറ്റൊരു വഴിയും ഇല്ലാതായാൽ പുലി പുല്ലും തിന്നു പോകും. പുലിയേപ്പോലെ മീശ വിറപ്പിച്ചിരുന്ന ചിലരുടെയൊക്കെ സ്ഥിതി ഇപ്പോൾ പരമ ദയനീയമാണ്. മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന പരുവത്തിൽ ആയിട്ടുണ്ട്.

ഐ ഗ്രൂപ്പിന്റെ കാര്യമാണ് ഏറ്റവും കഷ്ടം. കടിച്ചതുമില്ല, പിടിച്ചതുമില്ല എന്നു പറഞ്ഞാൽ മതിയല്ലോ. അധികതുംഗ പദത്തിൽ രാജ്ഞിയേപ്പോലെ ശോഭിച്ചിരുന്ന പുത്രിയും അതിനേക്കാൾ തുംഗപദത്തിൽ പ്രശോഭിച്ചിരുന്ന പുത്രനും വീണിതല്ലോ കിടക്കുന്നു ധരണിയിൽ എന്ന പരുവത്തിലായി. മൂന്നു മന്ത്രിസ്ഥാനം വേണമെന്നു വാശിപിടിച്ചത് ചിലതൊക്കെ കണക്കുകൂട്ടിക്കൊണ്ടായിരുന്നു. മൂന്നെങ്കിൽ മൂന്ന് എന്ന് ഉമ്മൻ ചാണ്ടിയും തീരുമാനിച്ചു. പക്ഷേ, ആരൊക്കെയാണീ മൂന്ന് എന്നുകൂടി ഉമ്മൻ ചാണ്ടിതന്നെ തീരുമാനിച്ചുകളഞ്ഞു. ഇങ്ങോട്ടു വാ എന്നു പറയുമ്പോൾ അങ്ങോട്ടു പോകുന്ന മൂന്നെണ്ണത്തിനെ കിട്ടിയിട്ട് എന്തു പ്രയോജനം? സത്യപ്രതിജ്ഞ ചെയ്യേണ്ട എന്ന് മൂവരോടും പറഞ്ഞുനോക്കി. പക്ഷേ, കിട്ടിയ കസേര വിട്ടുകളയാൻ അവർ തയ്യാറായതുമില്ല. കൂടുതൽ വാശി പിടിച്ചാൽ മൂവരും ഗ്രൂപ്പ് വിടുമെന്നും ഉറപ്പായി. അതോടെ ആ വഴിക്കുള്ള ശ്രമങ്ങൾ അവസാനിപ്പിച്ചു.

യു.ഡി.എഫ്. കൺവീനർ സ്ഥാനം ഐ ഗ്രൂപ്പിന് കിട്ടിയേ തീരു എന്ന് പറഞ്ഞിരുന്നു. അതും ഉമ്മൻ ചാണ്ടി നൽകി. പി.പി.തങ്കച്ചനെ യു.ഡി.എഫ്. കൺവീനറാക്കി. ഇത്തരമൊരു കൊലച്ചതി ലീഡർ പ്രതീക്ഷിച്ചിരുന്നില്ല. ഒരു പണിയുമില്ലാതെ തെക്കുവടക്കു നടക്കുന്ന പുത്രന് കൺവീനർ സ്ഥാനം കിട്ടുമെന്ന സ്വപ്നവും അങ്ങനെ പൊലിഞ്ഞു. ഉടൻ വിളിച്ചൂ ഐ ഗ്രൂപ്പ് യോഗം. എന്നിട്ടോ? എന്നിട്ട് ഒന്നുമില്ല. കടുത്ത തീരുമാനങ്ങൾ വേണ്ടെന്നു വെച്ചു. അത്രതന്നെ. കുറച്ചധികം കടുത്ത് തീരുമാനിച്ചിരുന്നെങ്കിൽ എന്തു തീരുമാനിക്കുമായിരുന്നു? വിശേഷിച്ചൊന്നും ഉണ്ടാകുമായിരുന്നില്ല.

ബാലകൃഷ്ണപിള്ളയുടെ കാര്യവും കഷ്ടമാണ്. ഇനി എങ്ങോട്ടു പോകണമെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. താൻ പഴയ കമ്യൂണിസ്റ്റാണെന്നൊക്കെ പറഞ്ഞുനോക്കി. ആ കട്ടിലു കണ്ട് പനിക്കേണ്ട എന്ന് അച്യുതാനന്ദനും പറഞ്ഞു. ബി.ജെ.പിയുടെ കൂടെ പോകില്ല എന്നാണ് ഇപ്പോൾ പറയുന്നത്. എന്നാൽ പി.സി.തോമസുമായി ചേർന്ന് പ്രവർത്തിക്കുമെന്നും പറയുന്നു. എല്ലാംകൂടി കൂട്ടിവായിച്ചാൽ ഒരു കാര്യം വ്യക്തം: ഇനി എന്തു ചെയ്യണമെന്ന് ബാലകൃഷ്ണപിള്ളക്ക് അറിഞ്ഞുകൂടാ.

ജേക്കബ് ഗ്രൂപ്പിനെതിരെ ഇത്ര കടുത്ത നിലപാടെടുക്കാൻ തക്ക കാരണമുണ്ടായിരുന്നോ എന്ന് സംശയമാണ്. ബാലകൃഷ്ണപിള്ള ചെയ്തതുപോലെ പരസ്യമായ എതിർ പ്രചരണമൊന്നും ജേക്കബ് ഗ്രൂപ്പ് നടത്തിയതായി അറിവില്ല. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന പ്രമാണം മാണി ഗ്രൂപ്പ് പ്രാവർത്തികമാക്കിയതാകാം ജേക്കബ് ഗ്രൂപ്പിന് വിനയായത്. ഏതായാലും അടുത്ത ചുവട് എവിടെ വെയ്ക്കണമെന്ന് ടി.എം.ജേക്കബ്ബിനും അറിഞ്ഞുകൂടാ.

# വിജയത്തിന്റെ പടവുകൾ

(വൈസ്മെൻ ബുക്സ് ഉടൻ പ്രസിദ്ധീകരിക്കുന്ന മാജിക് ഓഫ് തിങ്കിംഗ് ബിഗ് എന്ന പുസ്തകത്തിൽ നിന്ന്)

വിശ്വസിക്കാനുള്ള ശക്തി കൈവരിക്കാൻ ഇതാ മൂന്നു വഴികൾ:

1. വിജയത്തേക്കുറിച്ചു മാത്രം ചിന്തിക്കുക. പരാജയത്തേക്കുറിച്ച് ചിന്തിക്കരുത്. ജോലിസ്ഥലത്ത് വീട്ടിലുമെല്ലാം വിജയം മാത്രം സ്വപ്നം കാണുക. പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ "ഞാൻ പരാജയപ്പെടും" എന്നല്ല, "ഞാൻ വിജയിക്കും" എന്ന് വിശ്വസിക്കുകയും അതുതന്നെ സ്വയം പറയുകയും ചെയ്യുക. മറ്റൊരാളുമായി മത്സരിക്കുമ്പോൾ "ഞാൻ കഴിവുകെട്ടവനാണ്" എന്നല്ല, "ഞാൻ കഴിവുള്ളവനാണ്" എന്ന് വിശ്വസിക്കുക. അവസരങ്ങൾ മുൻപിൽ വന്നു നിൽക്കുമ്പോൾ "എനിക്ക് കഴിവില്ല" എന്നതിനു പകരം "ഞാൻ ചെയ്യും" എന്ന് വിശ്വസിക്കുക. "ഞാൻ വിജയിക്കും" എന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കട്ടെ. അങ്ങനെ വിശ്വസിക്കുമ്പോൾ നിങ്ങൾ വിജയത്തിനുള്ള വഴികൾ കണ്ടെത്തും.
2. നിങ്ങൾ സ്വയം വിലയിരുത്തുന്നതിനേക്കാൾ കഴിവുള്ളവനാണ് നിങ്ങൾ എന്ന് വിശ്വസിക്കുക. വിജയം വരിച്ചവരാരും അമാനുഷരല്ല. വിജയിക്കാൻ അതിബുദ്ധിയും ആവശ്യമില്ല. വിജയത്തിൽ അതീന്ദ്രിയമായി ഒന്നുമില്ല. അതിന് ഭാഗ്യവും ആവശ്യമില്ല. തങ്ങളിലും തങ്ങൾ ചെയ്യുന്നതിലും വിശ്വാസമർപ്പിച്ച് പ്രവർത്തിച്ച സാധാരണക്കാരാണ് വിജയം വരിച്ചിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ ഒരിക്കലും സ്വയം വില കുറച്ച് കാണരുത്.
3. വലിയ കാര്യങ്ങൾ വിശ്വസിക്കുക. നിങ്ങളുടെ വിശ്വാസത്തിൻെറ വലിപ്പം അനുസരിച്ചാണ് നിങ്ങളുടെ വിജയത്തിനും വലിപ്പമുണ്ടാകുന്നത്. ചെറിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്നവർ അല്പംമാത്രം നേടുന്നു. വലിയ ലക്ഷ്യമുള്ളവർ വലിയ നേട്ടമുണ്ടാക്കുന്നു. പലപ്പോഴും ചെറിയ ആശയങ്ങളേക്കാൾ വലിയ ആശയങ്ങളാകും എളുപ്പം പ്രാവർത്തികമാക്കാൻ കഴിയുക.

എല്ലാ പരിശീലന പദ്ധതിയിലും പ്രധാനമായി മൂന്നു ഘടകങ്ങൾ ഉണ്ടായിരിക്കണം:

1. എന്തു ചെയ്യണം എന്ന് പറയണം.
2. അത് എങ്ങനെ ചെയ്യണം എന്ന് വ്യക്തമാക്കണം.
3. അത് ഫലം ഉളവാക്കുന്നതായിരിക്കണം.

വിജയം വരിച്ച ആളുകളുടെ മനോഭാവവും പ്രവർത്തനശൈലിയും അടങ്ങുന്നതാണ് ആദ്യത്തെ പാഠം. എങ്ങനെയാണ് അവർ എല്ലാം ചെയ്യുന്നത്? പ്രശ്നങ്ങളെ അവർ എങ്ങനെ അതിജീവിക്കുന്നു? മറ്റുള്ളവരുടെ ബഹുമാനം അവർ എങ്ങനെ നേടിയെടുക്കുന്നു? അവരെ അസാധാരണരാക്കുന്നത് എന്തൊക്കെ? അവർ എങ്ങനെ ചിന്തിക്കുന്നു?

എങ്ങനെ പ്രവർത്തിക്കണം എന്നുള്ളതാണ് രണ്ടാമത്തെ ഘട്ടം. അത് ഓരോ അദ്ധ്യായത്തിലും കാണാം. ഇവ സ്വന്തം ജീവിതത്തിൽ പരീക്ഷിക്കുക. ഫലം ഉളവാക്കുക എന്നതാണ് മൂന്നാമത്തെ ഘട്ടം. ഇപ്പോൾ അസാദ്ധ്യമായി തോന്നുമെങ്കിലും ഒടുവിൽ നിങ്ങൾ വിജയം വരിക്കും. ഈ പാഠ്യപദ്ധതിയിലൂടെ നിങ്ങൾ കുടുംബത്തിൽ ബഹുമാനവും സുഹൃത്തുക്കളുടെ ആദരവും നേടിയെടുക്കും. നിങ്ങളുടെ ആത്മാഭിമാനം വർദ്ധിക്കും. നിങ്ങളുടെ വരുമാനവും ജീവിത നിലവാരവും ഉയരും.

എന്തു ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും പറയാൻ ആരും നിങ്ങളുടെ അടുത്തില്ല. പക്ഷേ, നിങ്ങൾ എല്ലാം സ്വയം മനസ്സിലാക്കണം. നിങ്ങളുടെ പഠനം വിലയിരുത്തുന്നതും നിങ്ങൾ തന്നെ. തെറ്റുകൾ സ്വയം തിരുത്തുക. ചുരുക്കത്തിൽ, നിങ്ങൾ സ്വയം പരിശീലനത്തിലൂടെ വിജയം വരിക്കാൻ തയ്യാറെടുക്കുകയാണ്.

നിങ്ങൾ ഒരു പരീക്ഷണശാലയിലാണ് നിൽക്കുന്നത്. നിങ്ങളുടെ ചുറ്റുമുള്ള മനുഷ്യരാണ് നിങ്ങളുടെ പരീക്ഷണോപകരണങ്ങൾ. മനുഷ്യൻെറ പ്രവർത്തനങ്ങളേക്കുറിച്ച് ഈ പരീക്ഷണശാലയിൽ നിന്നും നിങ്ങൾക്ക് പഠിക്കാം. നിങ്ങൾക്ക് പഠിക്കാൻ കഴിയുന്നതിന് പരിധിയുമില്ല. ഒന്നും വാങ്ങാതെയും ഒന്നും വാടകക്കെടുക്കാതെയും പഠനം നടത്താം. ഈ പഠനത്തിന് ഫീസ് നൽകേണ്ടതുമില്ല. നിങ്ങൾക്ക് ആവശ്യമുള്ള കാലത്തോളം ഈ പരീക്ഷണശാല സൗജന്യമായി ഉപയോഗിക്കാം. നിങ്ങളുടെ പരീക്ഷണശാലയുടെ ഉടമസ്ഥൻ എന്ന നിലയിൽ ഇതര ശാസ്ത്രജ്ഞർ ചെയ്യുന്ന രണ്ടു കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടതായി വരും: നിരീക്ഷിക്കുക, പരീക്ഷണം നടത്തുക എന്നിവയാണവ.

മനുഷ്യരുടെ ഇടയിൽ വസിച്ചിട്ടും മറ്റുള്ളവർ എന്തുകൊണ്ട് ഓരോ സന്ദർഭങ്ങളിലും അതതു വിധത്തിൽ പെരുമാറുന്നു എന്ന് നിരീക്ഷിക്കാത്തവരാണ് ഭൂരിപക്ഷം ആളുകളും. നിരീക്ഷിക്കാനുള്ള പരിശീലനം മിക്കവർക്കും ലഭിച്ചിട്ടില്ല. മനുഷ്യരുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാൻ പഠിപ്പിക്കുക എന്നത് ഈ പുസ്തകത്തിൻെറ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നാണ്. "ജോൺ എന്തുകൊണ്ട് വിജയിച്ചു? റ്റോം എന്തുകൊണ്ട് വിജയിക്കുന്നില്ല?" എന്നൊക്കെ നിങ്ങൾ സ്വയം ചോദിക്കയും ഉത്തരം കണ്ടെത്തുകയും വേണം. "എന്തുകൊണ്ട് ചിലർക്ക് കൂടുതൽ സുഹൃത്തുക്കൾ ഉണ്ട്? എന്തുകൊണ്ട് ചിലർക്ക് സുഹൃത്തുക്കൾ ഇല്ല?" നിങ്ങൾ സ്വയം ചോദിക്കണം.

ചെടികൾക്ക് വെള്ളവും വളവും കൊടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യേകത നാം നിരീക്ഷിക്കാറുണ്ടല്ലോ. നാം സ്വയം വളരുന്നതും ഇതുപോലെ നിരീക്ഷിക്കണം. നാം വളർച്ചയുടെ പാതയിലാണ് എന്നറിയുന്നതിൽ അധികം സന്തോഷകരമായി മറ്റൊന്നില്ല. നാം വളരുന്നത് തടയാൻ ഒന്നിനും കഴിയുന്നതുമല്ല.

## ഡിഫെൻഡർ ലഭിക്കുവാൻ എന്തുചെയ്യണം?

മാസത്തിൽ ഒരിക്കൽ നാലുപേജ് പ്രസിദ്ധീകരിച്ചിരുന്നപ്പോൾ ഡിഫെൻഡർ സൗജന്യമായി കൊടുക്കാൻ കഴിയുമായിരുന്നു. പക്ഷേ, ഇപ്പോൾ ഡിഫെൻഡർ ദ്വൈവാരികയാണ്. അതുകൊണ്ട് ഉല്പാദനച്ചെലവ് വളരെ വർദ്ധിച്ചു. ആകയാൽ വരിസംഖ്യ നൽകാത്തവർക്ക് ഇനി ഡിഫെൻഡർ ലഭിക്കുന്നതല്ല. ഇപ്പോൾ സാമ്പിൾ കോപ്പി ലഭിക്കുന്നവരും വരിസംഖ്യ പുതുക്കുന്നവരും ഈ മാസം 25ന് അകമായി വരിസംഖ്യ അയച്ചുതരിക. മണിയോർഡർ അയക്കുന്നതാണ് സൗകര്യം. ചെക്ക്, ഡ്രാഫ്റ്റ്, വിദേശ മണിയോർഡർ തുടങ്ങിയവ **T.S.Balan** എന്ന പേരിൽ, പെരുമ്പാവൂരിൽ മാറത്തക്കവിധം എടുത്ത് അയച്ചു തരിക.

<u>വാർഷിക വരിസംഖ്യ</u>

ഇന്ത്യയിൽ : 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

## മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിംഗ്

- പുസ്തകം, മാസിക, ന്യൂസ് ലറ്റർ, ബ്രോഷർ തുടങ്ങി എല്ലാവിധ അച്ചടി ജോലികളും കൃത്യമായും ഭംഗിയായും ചെയ്തു കൊടുക്കുന്നു
- എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ് തുടങ്ങിയവയും ചെയ്യുന്നു
- വിദേശത്തുള്ളവർക്ക് പുസ്തകങ്ങളും മറ്റും പ്രിന്റ് ചെയ്ത് അയച്ചു കൊടുക്കുന്നു
- ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ വിവരങ്ങൾക്ക്:

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ: 9447414608
**Email: info@perumbavoornews.com**

# ക്രിസ്ത്യൻ അപ്പോളജറ്റിക്സ്

## ആഭിചാര ശാസ്ത്രങ്ങൾ

### ബൈബിളും ജ്യോതിഷവും

ജ്യോതിഷം തികച്ചും അശാസ്ത്രീയമാണ്. Kenneth Baa തന്റെ Cults, world religions and you, Victor Books 1977 pp 124 125-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

പുരാതന ജ്യോത്സ്യന്മാർക്ക് നക്ഷത്രവ്യൂഹങ്ങളുടെ ഗമനത്തെക്കുറിച്ച് അറിയില്ലായിരുന്നു. അതുകൊണ്ട് ആ വ്യതിയാനം അവർ കണക്കാക്കാൻ വിട്ടുപോയി. യഥാർത്ഥത്തിൽ 12 രാശിക്കൂറുകൾ. അതേ പേരുള്ള നക്ഷത്രങ്ങളുമായി ചേർന്നതാണ്. ഒരു നക്ഷത്രവ്യൂഹത്തിന് തങ്ങളുടെ ഗമനം നിമിത്തം കഴിഞ്ഞ 200 വർഷം കൊണ്ട് 301 വ്യത്യാസം വന്നുകഴിഞ്ഞു. അർത്ഥം Virgo ഇപ്പോൾ Libra constallation-ൽ നിൽക്കുന്നു. ഒരു വ്യക്തി Sept. 1-ന് ജനിച്ചതാണെങ്കിൽ ജ്യോത്സ്യൻ അദ്ദേഹത്തെ Virgo എന്ന് വിളിക്കും. (ആ തീയതികളിൽ സൂര്യൻ ആയിരിക്കുന്ന സ്ഥലം) എന്നാൽ യഥാർത്ഥത്തിൽ സൂര്യൻ അപ്പോൾ Libra-യിൽ ആണ്. നാം ഇവിടെ രണ്ട് സിദ്ധാന്തങ്ങളെ കണ്ടുമുട്ടുന്നു. 1. ജ്യോത്സ്യന്മാർ പഠിപ്പിക്കുന്ന നക്ഷത്ര സമൂഹം 2. യഥാർത്ഥത്തിൽ ഉള്ള സൗരയൂഥം. ഇതിൽ ഏതായിരിക്കും ശരിയായി നാം അംഗീകരിക്കേണ്ടത്?

<u>ബൈബിളും ജ്യോതിഷവും</u>

ബൈബിൾ വളരെ ശക്തിയായി ജ്യോതിഷത്തെ എതിർത്ത് സംസാരിച്ചിട്ടുണ്ട്. (യെശ. 47:13-15). നിന്റെ ആലോചന ബാഹുല്യം കൊണ്ട് നീ വലഞ്ഞിരിക്കുന്നു. ജ്യോതിഷക്കാരും നക്ഷത്രം നോക്കുന്നവരും നിനക്ക് വരുവാനുള്ള മാനസാന്തരം അറിയിക്കുന്നവരും ഇപ്പോൾ എഴുന്നേറ്റ് നിന്നെ രക്ഷിക്കട്ടെ. ഇതാ, അവർ താളടി പോലെ തീക്കിരയാകും. അവർ അഗ്നിജ്വാലയിൽ നിന്ന് തങ്ങളെത്തന്നെ വിടുവിക്കയില്ല. അത് കുളിർ മാറ്റുവാൻ തക്ക തീയുമല്ല. ഇങ്ങനെ ആകും നീ അദ്ധ്വാനിച്ചിരിക്കുന്നത്. നിന്റെ ബാല്യം മുതൽ നിന്നോടുകൂടെ വ്യാപാരം ചെയ്തവർ ഓരോരുത്തൻ താന്താന്റെ ദിക്കിലേക്ക് അലഞ്ഞ് പോകും. ആരും നിന്നെ രക്ഷിക്കയില്ല. (യിരമ്യാവ്. 10:2). ജാതികളുടെ വഴി പഠിക്കരുത്. ആകാശത്തിലെ ലക്ഷണങ്ങൾ കണ്ട് ഭ്രമിക്കരുത്. ജാതികൾ അല്ലോ അതു കണ്ട് ഭ്രമിക്കുന്നത്. (ആവർ. 4:19). നീ ആകാശസൈന്യമായ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്. ദാനിയേലിന്റെ പുസ്തകത്തിൽ ദാനിയേൽ ജീവനുള്ള ദൈവത്തെ സേവിച്ചതു കൊണ്ട് രാജാവ് ദാനിയേലിനേയും കൂട്ടുകാരേയും തന്റെ രാജ്യത്ത് എല്ലായിടത്തുമുള്ള സകല മന്ത്രവാദികളിലും ആഭിചാരകന്മാരിലും പത്തിരട്ടി വിശിഷ്ടന്മാരെന്ന് കണ്ടു. (ദാനിയേൽ 1:20). മാത്രമല്ല, ദാനിയേൽ രാജാവിനോട് സ്വപ്നവും അർത്ഥവും വെളിപ്പെടുത്തുമ്പോൾ പറയുന്ന വാക്ക് ശ്രദ്ധേയമാണ്. (ദാനിയേൽ 2:27-31). ''രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ'' എന്ന പദം ദാനിയേൽ ദൈവത്തിന്റെ ഒരു പര്യായമായി ഉപയോഗിച്ചിരിക്കുന്നു.

ജ്യോതിഷത്തെ അനുകൂലിക്കുന്ന ക്രിസ്ത്യാനികൾ പറയുന്ന ഒരു കാര്യം ബൈബിളിൽ മകയിരം, കാർത്തിക, സപ്തർഷി മുതലായ നക്ഷത്രങ്ങളെ കാണുന്നു എന്നതാണ്. എന്നാൽ ആ ഭാഗം ശ്രദ്ധിച്ചു വായിക്കുമ്പോൾ കാണുന്നത് അവിടെ പ്രതിപാദിക്കുന്ന വിഷയം യഹോവ ഇവയുടെ സൃഷ്ടാവാണെന്നു (ഇയ്യോ. 38:31) മാത്രമല്ല, അവനെ മാത്രമേ അന്വേഷിക്കാവൂ എന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ''കാർത്തികയേയും മകയിരത്തേയും സൃഷ്ടിക്കുകയും പ്രഭാതമാക്കി മാറ്റുകയും പകലിനെ രാത്രിയാക്കി ഇരുട്ടുകയും സമുദ്രത്തിലെ വെള്ളത്തെ വിളിച്ച് ഭൂതലത്തിൽ പകരുകയും ചെയ്യുന്നവനെ അന്വേഷിപ്പിൻ. യഹോവ എന്നാകുന്നു അവന്റെ നാമം.'' (ആമോ. 5:8).

ഇന്ന് വിശ്വാസികളുടെ ഇടയിൽ പോലും ആശയക്കുഴപ്പം ഉളവാക്കുന്ന ഒരു പ്രശ്നമാണ് യേശുവിന്റെ ജനനത്തിങ്കൽ കിഴക്കുനിന്നും വന്ന വിദ്വാന്മാർ ആരായിരുന്നു എന്നത്. ഇവർ ജ്യോത്സ്യന്മാർ ആയിരുന്നു എന്നു വാദിക്കുന്ന വലിയൊരു ജനക്കൂട്ടം ഇപ്പോഴും ഉണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന വിദ്വാന്മാർ എന്ന പദം നാം ശ്രദ്ധിച്ചു പഠിക്കുകയാണെങ്കിൽ ഇവരെ വിളിച്ചിരിക്കുന്നത് "Wise men from the East" അഥവാ "Magoi apoantolon" എന്നാണ്. എന്നാൽ magoi എന്ന വാക്കിന്റെ ഉത്ഭവത്തെക്കുറിച്ച് ഇന്ന് നമുക്കറിവില്ല. ചിലർ Indo-European ഉത്ഭവം സ്ഥാപിക്കുമ്പോൾ മറ്റു ചിലർ അതിന് ബാബിലോണിയൻ ഉറവിടം സ്ഥാപിക്കുന്നു. ഹെറോഡോട്ടസ് മേദ്യരുടെ മദ്ധ്യേ Magi എന്നൊരു ജാതി ഉണ്ടായിരുന്നതായി അവകാശപ്പെടുന്നു. അതുപോലെ ബാബിലോണിയരുടെ മദ്ധ്യേ കൽദായരെപ്പോലെ തന്നെ പേർഷ്യാക്കാരുടെ മദ്ധ്യേ മാഗി എന്നൊരു ജാതി ഉണ്ടായിരുന്നു. അവർ ഒരു പുരോഹിത ജാതി ആയിരുന്നു. ബാബിലോണിയരും കൽദായരും മേദ്യരും പേർഷ്യക്കാരും ജ്ഞാനികളേയും അദ്ധ്യാപകരേയും പുരോഹിതന്മാരേയും വൈദ്യന്മാരേയും ആഭിചാരകന്മാരേയും സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നവരേയും എല്ലാം മാഗികൾ എന്നു വിളിച്ചിരുന്നു. അതുകൊണ്ട് ഈ വന്ന വിദ്വാന്മാർ ഒരിക്കലും ജ്യോത്സ്യന്മാർ ആയിരിക്കാൻ ഇടയില്ല. ഇവർ കിഴക്കു നിന്നു വന്നവരാണ് എന്നു മാത്രം അറിയുന്നു. അതുകൊണ്ട് ഇവർ അറേബ്യയിൽ നിന്നോ പേർഷ്യയിൽ നിന്നോ ബാബിലോണിൽ നിന്നോ മറ്റു വല്ല കിഴക്കൻ രാജ്യത്ത് നിന്നോ വന്നവരായിരിക്കാം.

ഇവർ യഹൂദ്യയിലേക്ക് വരുവാൻ കാരണമായത് ഇവർ ''അവന്റെ'' നക്ഷത്രം ''കിഴക്കു കണ്ട''തു കൊണ്ടാണ് (മത്തായി 2:2). ഇതിൽ നിന്നു മനസ്സിലാകുന്നത് ഈ വിദ്വാന്മാർക്ക് മശിഹായെ സംബന്ധിച്ച് വ്യക്തമായ ജ്ഞാനം ഉണ്ടായിരുന്നു എന്നാണ്. എന്നു മാത്രമല്ല, യഹൂദ്യയിൽ നിന്നും ഒരു നക്ഷത്രം ഉദിക്കുമെന്ന ബിലയാമിന്റെ പ്രവചനവും ഇവർ ഗ്രഹിച്ചിരിക്കും. (സംഖ്യ. 24:17). മാത്രമല്ല, ദാനിയേൽ പ്രവാചകന്റെ 70 ആഴ്ചവട്ട പ്രകാരമുള്ള ''അഭിഷിക്തനായ ഒരു പ്രഭു ജനിക്കുന്ന സമയം ഏറെക്കുറെ ഇവർ ഗ്രഹിച്ചിരിക്കണം'' (ദാനിയേൽ 9:25, 26). യഹൂദ്യയിൽ ബേത്ലഹേമിൽ തന്നെയെന്ന് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പറയുമ്പോൾ അവർ അതിനെ വിശ്വസിക്കുകയും ആ വീട്ടിൽ ചെന്ന ബാലനായ യേശുവിനെ കണ്ട് അവനെ ആരാധിക്കുകയും ചെയ്യുന്നു. രണ്ട് വയസ്സോളം പ്രായമുള്ള തച്ചന്റെ മകനാണ്. ''യഹൂദന്മാരുടെ രാജാവായി പിറന്നവൻ എന്നു വിശ്വസിക്കുവാനുള്ള വിശ്വാസം അഭിനന്ദനീയമാണ്.'' ഇവർ വെറും ജ്യോത്സ്യന്മാരും ആഭിചാരകന്മാരുമായിരുന്നു എന്നു പറക സാദ്ധ്യമല്ല. ആഭിചാരത്തെ പൂർണ്ണമായി വെറുക്കുന്ന ദൈവം തന്റെ പുത്രൻ ജഡമെടുത്തപ്പോൾ അവനെ ആരാധിപ്പാനായി ചില ആഭിചാരകന്മാരെ ദിവ്യനക്ഷത്രത്താൽ നയിച്ചു എന്നും, ദിവ്യജ്ഞാനത്താൽ നിറച്ചു എന്നും, അവർ വന്ന് അവന് പൊന്നും മൂരും കുന്തിരിക്കവും കാഴ്ചവെച്ചു എന്നും വിശ്വസിക്കുക പ്രയാസമാണ്.

ജ്യോതിഷത്തിൽ വിശ്വാസമില്ലെങ്കിൽ തന്നെ വെറും വിനോദത്തിനായി അതിനെ ശ്രദ്ധിക്കുന്ന ഒരുവന്റെ മതത്തിൽ പോലും അത് സ്വാധീനം ചെലുത്തുവാൻ തുടങ്ങുന്നു. ചിലത് സംഭവിക്കും എന്നു പറയുമ്പോൾ തന്നെ അവന്റെ മാനസിക പീഢ ആരംഭിക്കുന്നു. വരാൻ പോകുന്ന ആപത്തുകളെക്കുറിച്ച് വ്യാകുലനായിത്തീരുന്ന വ്യക്തി അവൻ അറിയാതെ തന്നെ ആപത്തിൽപ്പെട്ടു പോകുന്നു. ബാധയൊഴിക്കലാണ് അടുത്ത തന്ത്രം. അതിനായി തന്റെ സമയവും പണവും വൃഥാ ചെലവിടുന്നു. ജ്യോതിഷത്തിൽ വിശ്വസിക്കുന്ന ഒരുവൻ തനിക്ക് സ്വയമായി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലാതെ പരാശ്രയനായിത്തീരുന്നു.

<u>a. ഹസ്തരേഖാ ശാസ്ത്രം</u>

ആഭിചാരത്തിൽ പ്രധാനമായി നിൽക്കുന്ന അടുത്ത വിഭാഗമാണ് ഹസ്തരേഖാ ശാസ്ത്രം. മനുഷ്യന്റെ കൈകളിലേയും വിരലുകളിലേയും രേഖകളെ നിരീക്ഷിച്ച് ഈ കൂട്ടർ ഭാവി പ്രവചിക്കുന്നു. ഹസ്തരേഖാ ശാസ്ത്രത്തിന് ഇംഗ്ലീഷിൽ Palmistry എന്നാണ് പറയുക. എന്നാൽ ശാസ്ത്രീയമായി മനുഷ്യന്റെ കരങ്ങളെ അവലോകനം ചെയ്യുന്ന Chirology എന്ന വിഭാഗവുമായി ഇക്കൂട്ടർക്ക് യാതൊരു ബന്ധവുമില്ല.

ഈ ഭാവി പ്രവാചകർ കൈകളെ പല മണ്ഡലങ്ങളായി തരംതിരിക്കുന്നു. വ്യാഴമണ്ഡലം, ശനിമണ്ഡലം, സൂര്യമണ്ഡലം, ബുധമണ്ഡലം, ശുക്രമണ്ഡലം, ചന്ദ്രമണ്ഡലം, കുജമണ്ഡലം. ഈ മണ്ഡലങ്ങളെ ശ്രദ്ധിച്ചു പഠിച്ചതിനു ശേഷം ഭാവി പ്രവചിക്കുന്നു. തന്നെയുമല്ല, കൈവെള്ളയിലെ ചിഹ്നങ്ങളും അവയുടെ ഫലങ്ങളും അവലോകനം ചെയ്യുന്നു. കൈവെള്ളയിലെ ത്രികോണങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ, കുരിശടയാളം, വലയടയാളം, ദ്വീപ് അടയാളം, വൃത്തങ്ങൾ, പുള്ളികൾ എന്നിവ അവലോകനം ചെയ്യുന്നു. എന്നുമാത്രമല്ല, ഹൃദയരേഖ, കല്യാണരേഖ എന്നിവയേയും അളന്നു തിട്ടപ്പെടുത്തുന്നു. ഇവകളുടെ എല്ലാം സഹായത്താൽ ഇക്കൂട്ടർക്ക് ഒരു വ്യക്തിയുടെ ഭാവി പ്രവചിക്കാൻ കഴിയും എന്നാണ് അവകാശവാദം.

എന്നാൽ ജ്യോതിഷശാസ്ത്രത്തെപ്പോലെ തന്നെയാണ് ഈ ശാസ്ത്രത്തിന്റെയും ശക്തി. ശാസ്ത്രീയമായി ഈ സിദ്ധാന്തങ്ങളെ തെളിയിക്കുവാൻ സാദ്ധ്യമല്ലാത്തതു കൊണ്ട് ശാസ്ത്രലോകം ഹസ്തരേഖാ ശാസ്ത്രത്തെ ഒരു ശാസ്ത്രമായി അംഗീകരിക്കുന്നില്ല. എന്നു മാത്രമല്ല, വെറും അന്ധവിശ്വാസം എന്ന ലേബലിലാണ് പരിഗണിക്കുന്നത്. ഇവർ പ്രവചിച്ചതിനു വിരുദ്ധമായി സംഭവിച്ചിട്ടുള്ള അനേക ദൃഷ്ടാന്തങ്ങൾ ശാസ്ത്രം നിരത്തിവെച്ച് ഇവരുടെ തനിനിറം വെളിവാക്കുന്നുണ്ട്.

എന്നാൽ ബൈബിളിനെത്തന്നെ എടുത്ത് ഹസ്തരേഖാ ശാസ്ത്രത്തെ പ്രസംഗിക്കുവാനും തുനിയുന്ന ചിലരെങ്കിലും ഉണ്ട്. ഉദാ: ദേവി ബുക്സ്റ്റാൾ, കൊടുങ്ങല്ലൂർ പ്രകാശനം ചെയ്ത എ.ആർ. ശാസ്ത്രിയുടെ ''രേഖാശാസ്ത്ര ദർപ്പണം'' പേജ് 10 ശ്രദ്ധിക്കുക. ""He Seath up the hand of every man." ""That all men may know thin work." Old Bible Chapter 37:7."

''സ്വകർത്താവും ഓരോരുത്തരും അറിയിക്കേണ്ടതിലേക്കായി എല്ലാ മനുഷ്യരുടേയും കൈകളിൽ അടയാളങ്ങളും മുദ്രകളും അവൻ സ്ഥാപിച്ചു.'' നീതിമാനായ ഇയ്യോബിന്റെ പഴയനിയമം 37-ാം അദ്ധ്യായത്തിലെ 7-ാം വാക്യമാണ് മേലുദ്ധരിച്ചിരിക്കുന്നത്. തങ്ങളുടെ ആശയം സമർത്ഥിക്കുവാൻ ദൈവവചനത്തെ കോട്ടിക്കളയുന്നതിന്റെ മഹത്തായ ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് മേലുദ്ധരിച്ചിരിക്കുന്നത്. എന്നാൽ ''താൻ സൃഷ്ടിച്ചവരൊക്കെയും അറിവാൻ തക്കവണ്ണം അവൻ സകല മനുഷ്യരുടേയും കൈകളെ മുദ്രയിടുന്നു എന്ന് Bible Society of India പ്രസിദ്ധീകരിക്കുന്ന ''സത്യവേദപുസ്തകവും'' തന്റെ കരത്തിന്റെ പ്രവൃത്തി എല്ലാവരും ഗ്രഹിക്കേണ്ടതിന് അവിടുന്ന് മനുഷ്യപ്രയത്നത്തിനു മുദ്രവയ്ക്കുന്നു എന്ന് POC-യും ആ വാക്യത്തെ പരിഭാഷപ്പെ

(പേജ് 5 ............)




ക്രിസ്തീയ ന്യായവാദ ശാസ്ത്രത്തേക്കുറിച്ച് മിക്കവർക്കും കാര്യമായ അറിവില്ല. ആ കുറവ് പരിഹരിക്കാൻ ഉതകുന്ന ഒരു ഉത്തമ ഗ്രന്ഥമാണ് വൈസ്മെൻ ബുക്സിന്റെ ക്രിസ്ത്യൻ അപ്പോളജറ്റിക്സ്. ഡോ.ജോൺ സൺ സി. ഫിലിപ്പ്, ഡോ.സനീഷ് ചെറിയാൻ, ഷിബു കെ.പോൾ, കോശി കെ.പോൾ എന്നിവരാണ് എഴുത്തുകാർ. എണ്ണൂറിലധികം പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 590 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക്: വൈസ്മെൻ ബുക്സ്, എൻ.എച്ച്. ജംഗ്ഷൻ, വൈറ്റില, കൊച്ചി - 682 019. ഫോൺ: 0484-2303395.

*(വൈസ്മെൻ ബുക്സിന്റെ ക്രിസ്ത്യൻ അപ്പോളജറ്റിക്സ് എന്ന ഗ്രന്ഥത്തിലുള്ള ഒരു ലേഖനത്തിന്റെ ഭാഗമാണ് ഈ ലേഖനം).*

# ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ

### പുരുഷന് വിവാഹമോചനം നടത്താൻ അവകാശമുണ്ട്

വിവാഹമോചനം നടത്താൻ പാടില്ല എന്ന കല്പന സ്ത്രീകൾക്കു മാത്രം ബാധകമായ പ്രമാണമാണെന്ന് ബ്രൻഹാം പറയുന്നു. എന്നാൽ ദൈവവചനം വ്യക്തമായി പഠിച്ചാൽ ഈ സിദ്ധാന്തം തെറ്റാണെന്ന് മനസ്സിലാക്കാം. ''ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.'' മത്താ. 19:9.

വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാവുന്നത്ര ലളിതമാണ് ഈ വാക്യം. കർത്താവായ യേശുക്രിസ്തു പറഞ്ഞത് വിശ്വസിക്കണമോ അതോ ബ്രൻഹാം പഠിപ്പിക്കുന്നത് അംഗീകരിക്കണമോ എന്നതാണ് ഇവിടത്തെ പ്രശ്നം.

### ബഹുഭാര്യത്വം അനുവദനീയമാണ്.

പുരുഷന്മാർക്ക് എത്ര വിവാഹം വേണമെങ്കിലും കഴിക്കാം എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. എന്നാൽ സ്ത്രീക്ക് ഒരു വിവാഹം മാത്രമേ കഴിക്കാനാവൂ. പക്ഷേ, ബഹുഭാര്യാത്വമോ ബഹുഭർതൃത്വമോ ദൈവവചനം അനുവദിക്കുന്നില്ല എന്നതാണ് സത്യം. മരണത്താൽ അല്ലാതെ വേർതിരിക്കാനാവാത്ത ഒരു ബന്ധമാണ് വിവാഹം. കത്തോലിക്കർ ഉൾപ്പെടെ എല്ലാ ക്രൈസ്തവ സഭകളും അംഗീകരിച്ച പ്രമാണമാണിത്. അതുകൊണ്ട് ഇതേപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല.

### ക്രൈസ്തവ സഭാവിഭാഗങ്ങളാണ് മൃഗത്തിന്റെ മുദ്ര

എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളും സാത്താന്റെ പിണിയാളുകളാണ് എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. അതുകൊണ്ട് ബ്രൻഹാമിന്റെ സഭക്കാർ ഒരു പ്രസ്ഥാനമെന്ന നിലയിലല്ല പ്രവർത്തിക്കുന്നത്.

വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനാനുസൃതമായി ഉള്ളൂ. ഈ സഭയിൽ അപ്പൊസ്തലൻ, പ്രവാചകൻ, ഇടയൻ, സുവിശേഷകൻ, അദ്ധ്യാപകൻ (ഉപദേഷ്ടാവ്) തുടങ്ങിയ ശുശ്രൂഷന്മാരുമുണ്ട്. (എഫേ. 4:11). കത്തോലിക്കാസഭ മുതൽ വിവിധ പെന്തക്കോസ്ത് സഭകൾ വരെയുള്ളവയൊന്നും ദൈവസഭയല്ല, മറിച്ച് മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. ബൈബിളിലെ ചട്ടങ്ങളും വിധികളും അനുസരിച്ചല്ല, സൊസൈറ്റീസ് ആക്ടിലെ ചട്ടങ്ങൾ അനുസരിച്ചാണ് ഈ സംഘടനകൾ നിലവിൽ വന്നിട്ടുള്ളത്. മനുഷ്യനിർമ്മിതമായ ഈ സംഘടനകളുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്ക് മാനുഷിക അധികാരങ്ങളേ ഉള്ളൂ. ദൈവദാസന്മാർ ചിലപ്പോൾ ഈ സംഘടനകളുടെ നേതൃസ്ഥാനത്തെത്തി എന്ന ഒറ്റക്കാരണം കൊണ്ട് ഒരാൾ ദൈവദാസൻ ആകുന്നില്ല. ദൈവസഭയും സംഘടനയും തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. ദൈവസഭയുടെ നേതാക്കന്മാരെയും സംഘടനകളുടെ നേതാക്കന്മാരെയും തമ്മിൽ തിരിച്ചറിയാൻ നമുക്ക് കഴിയണം.

കർത്താവായ യേശുക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളൂ. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച എല്ലാവരും അതിലെ അംഗങ്ങളാണ്. മനുഷ്യനിർമ്മിതമായ സംഘടനകളൊന്നും സഭയല്ല. പക്ഷേ മിക്കവർക്കും ഈ സത്യം അറിഞ്ഞുകൂടാ. ദൈവസഭയെന്നത് കത്തോലിക്കാസഭയാണെന്നും, കത്തോലിക്കാസഭയ്ക്കു പുറത്ത് രക്ഷയില്ലെന്നും കത്തോലിക്കർ വിശ്വസിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നു. പല ക്രൈസ്തവ സംഘടനകളും തങ്ങളുടെ സഭ മാത്രമാണ് ദൈവസഭയെന്നും, തങ്ങളുടെ സഭയിൽ അംഗമല്ലാത്തവർ നരകത്തിൽ പോകുമെന്നും പഠിപ്പിക്കുന്നുണ്ട്. ഇതൊക്കെ കണ്ടും കേട്ടും ജീവിക്കുന്നവർക്ക് സഭയും സംഘടനയും തമ്മിൽ തിരിച്ചറിയാൻ കഴിയാതെ പോകുന്നതിൽ അത്ഭുതമില്ല.

മനുഷ്യനിർമ്മിതമായ ഇത്തരം സംഘടനകൾ ആവശ്യമുണ്ടോ എന്നതാണ് മറ്റൊരു പ്രശ്നം. ആത്മീയ ആവശ്യങ്ങൾക്ക് ഇത്തരം ഒരു സംഘടന ആവശ്യമില്ല. എന്നാൽ വിശ്വാസികളുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റാൻ ഇത്തരം സംഘടനകൾ പ്രയോജനപ്പെട്ടേക്കാം. അതുകൊണ്ട് ആത്മീയ സംഘടനകൾ ഉണ്ടാക്കുന്നതോ അതിൽ അംഗമാകുന്നതോ തെറ്റാണെന്നു പറയാൻ ആവില്ല. ഇത്തരം സംഘടനകൾ സഭയുടെ സ്ഥാനം കൈവശപ്പെടുത്തുന്നത് ഒഴിവാക്കുകയും വേണം.

സംഘടനകളെ ഒന്നടങ്കം അധിക്ഷേപിക്കുന്നതും വെളി. 17-ലെ മൃഗമായും വേശ്യയായും മറ്റും ചിത്രീകരിക്കുന്നതും ശരിയല്ല. ഇത്തരം ഒരു സിദ്ധാന്തം തെളിയിക്കാൻ ദൈവവചനത്തിൽ ആധാരമില്ല. പുതിയ യെരൂശലേം കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിയാണ്. അതുപോലെ മഹതിയാം ബാബിലോൺ എതിർക്രിസ്തുവിന്റെ മണവാട്ടിയാണ്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് പുതിയ യെരൂശലേം. രക്ഷിക്കപ്പെടാത്തവരുടെ സംഘമാണ് മഹതിയാം ബാബിലോൺ.

### ലവോദിക്യാ സഭയുടെ ദൂതൻ ബ്രൻഹാമാണ്

വെളി. 3:14-22 ആധാരമാക്കിയുള്ള ഒരു വ്യാഖ്യാനമാണിത്. ഏഷ്യയിലുള്ള ഏഴു സഭകൾക്ക് കർത്താവായ യേശുക്രിസ്തു കൊടുക്കുന്ന ദൂതാണ് വെളി. 2, 3 അദ്ധ്യായങ്ങളിലെ പ്രതിപാദ്യ വിഷയം ഓരോ സഭയ്ക്കും ഓരോ ദൂതൻ ഉണ്ട്. അതിൽ അവസാനത്തെ സഭയായ ലവോദിക്യാ സഭയുടെ ദൂതനാണ് ബ്രൻഹാം എന്നത്രേ അവകാശവാദം. എന്നാൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെയാണെന്ന് ബ്രൻഹാം പറയുന്നില്ല. കേട്ടുകേഴ്വികളെ ആധാരമാക്കിയുള്ള ഒരു ദുർവ്യാഖ്യാനമാണിത്.

വെളി. 2, 3 അദ്ധ്യായങ്ങളിൽ കാണുന്ന ഏഴു സഭകൾ ഒന്നാം നൂറ്റാണ്ടു മുതലുള്ള ഏഴ് സഭാ കാലഘട്ടങ്ങളാണ് എന്നൊരു വ്യാഖ്യാനമുണ്ട്. ചില പെന്തക്കോസ്ത് വിഭാഗങ്ങൾ ഉൾപ്പെടെ പലരും അത് അംഗീകരിച്ചിട്ടുമുണ്ട്.



ഈ വ്യാഖ്യാനം അനുസരിച്ച് ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയുടെ പ്രതീകമാണ് എഫെസോസ് സഭ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതലുള്ള സഭയാണ് അവസാനത്തെ സഭയായ ലവോദിക്യാ സഭ. അന്ത്യകാലത്തെ സഭയ്ക്കുള്ള ദൂതുമായി ദൈവം അയച്ച ദൂതനാണ് ബ്രൻഹാം. അതുകൊണ്ടാണ് ബ്രൻഹാമിനെ ലവോദിക്യാ സഭയുടെ ദൂതനായി പരിഗണിക്കുന്നത്. ഏഴു സഭകൾ ഏഴു സഭാകാലഘട്ടങ്ങളാണ് എന്ന വ്യാഖ്യാനം പൊളിഞ്ഞാൽ ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ കഥയും അവസാനിക്കും.

### വെളി. 10:6-ൽ പറയുന്ന ദൂതൻ ബ്രൻഹാമാണ്.

ബ്രൻഹാം ലവോദിക്യാ സഭയുടെ ദൂതൻ മാത്രമല്ല, വെളി. 10:6-ൽ കാണുന്ന ദൂതനുമാണ് എന്ന് ബ്രൻഹാമിന്റെ അനുയായികൾ വിശ്വസിക്കുന്നു. ബ്രൻഹാമിന്റെ അജ്ഞതയാണ് ഇവിടെയും പ്രശ്നമായത്. വെളിപ്പാട് പുസ്തകം ഒരുവട്ടം ശ്രദ്ധിച്ചു വായിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

വെളി. 6, 7, 8 അദ്ധ്യായങ്ങളിൽ കുഞ്ഞാട് ഏഴു മുദ്രകൾ പൊട്ടിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഓരോ മുദ്ര പൊട്ടുക്കുമ്പോഴും ഭൂമിയിൽ ന്യായവിധി ഉണ്ടാകുന്നു. ഏഴാം മുദ്ര മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാണ്. ഈ മുദ്ര പൊട്ടിച്ചപ്പോൾ ഏഴു ദൂതന്മാർ കാഹളവുമായി പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്. ഇവർ ഓരോരുത്തരും കാഹളം ഊതുന്ന മുറയ്ക്ക് ഭൂമിയിൽ ദൈവീക ന്യായവിധി ഉണ്ടാകുന്നു. ഏഴാമത്തെ ദൂതൻ ഊതിയതോടെ ലോക രാജ്യത്വം നമ്മുടെ കാർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നു. (വെളി. 11:15). ഏഴാമത്തെ ദൂതൻ ബ്രൻഹാമാണെങ്കിൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെ? ഏഴാമത്തെ ദൂതൻ ബ്രൻഹാമാണെങ്കിൽ വെളി. 11:14 വരെയുള്ള സംഭവങ്ങൾ ബ്രൻഹാം ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് നടന്നിരിക്കണമല്ലോ? അതൊക്കെ നടന്നോ? ഇല്ലെന്നു വ്യക്തം. സംശയമുള്ളവർ വെളിപ്പാട് 6-ാം അദ്ധ്യായം മുതൽ ശ്രദ്ധിച്ചു വായിക്കുക.

ഏഴാമത്തെ ദൂതൻ ഊതിക്കഴിയുന്നതോടെ ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീരണമല്ലോ. ബ്രൻഹാമിന്റെ ശുശ്രൂഷ 1965-ൽ അവസാനിച്ചു. പക്ഷേ, ഇപ്പോഴും ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിട്ടില്ല. ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ പൊള്ളത്തരം മനസ്സിലാക്കാൻ ഇതിൽ അധികം തെളിവ് ആവശ്യമില്ലല്ലോ.

### ബ്രൻഹാമിന്റെ വായിൽ നിന്നും വരുന്ന വാക്കുകൾ മനുഷ്യരുടെ ശരീരത്തെ കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ യോഗ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുന്ന ഒരു കാലം ആസന്ന ഭാവിയിൽ വരും.

ദൈവത്തിനു ലഭിക്കേണ്ട മഹത്വം ദൈവദാസന്മാർ കൈവശപ്പെടുത്തിയാൽ എന്തു സംഭവിക്കും എന്നതിന് നല്ല ഒരു ഉദാഹരണമാണ് ഈ സിദ്ധാന്തം. സ്തുതിപാഠകരുടെ ചക്കരവാക്കുകൾ കേട്ട് ബ്രൻഹാം മയങ്ങിപ്പോയി. അല്ലെങ്കിൽ ഇത്ര വലിയ വിഡ്ഢിത്തം എഴുന്നെള്ളിക്കുമോ? ദൈവമക്കളുടെ ശരീരത്തെ രൂപാന്തരപ്പെടുത്തുന്നത് ബ്രൻഹാമിന്റെ ശബ്ദമല്ല, കർത്താവായ യേശുക്രിസ്തുവിന്റെ ഗംഭീരനാദമാണ്. (1തെസ്സ. 4:16).

ബ്രൻഹാം ഉടനെയൊന്നും മരിക്കയില്ല എന്നും ബ്രൻഹാം വളരെയധികം അത്ഭുതങ്ങൾ തുടർന്ന് ചെയ്യും എന്നും ബ്രൻഹാം ഉൾപ്പെടെ നിരവധി ആളുകൾ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഇത്തരം ഒരു വിഡ്ഢിത്തം പഠിപ്പിക്കാൻ ബ്രൻഹാം ധൈര്യപ്പെട്ടത്. പക്ഷേ, പ്രതീക്ഷിച്ചതു പോലെയല്ല സംഭവിച്ചത്. ബ്രൻഹാം അപ്രതീക്ഷിതമായി മരിച്ചു. ബ്രൻഹാമിന്റെ ശബ്ദം കേട്ട് ആരും രൂപാന്തരപ്പെട്ടുമില്ല. എങ്കിലും ബ്രൻഹാം വീണ്ടും വരും എന്ന് ബ്രൻഹാമിന്റെ അനുയായികളിൽ നല്ലൊരു പങ്ക് ഇന്നും വിശ്വസിക്കുന്നു.

# വേദനസംഹാരികളെ സൂക്ഷിക്കുക

**ഡോ. ജയിംസ് മണിത്തോട്ടം**
(ഹോമിയോപ്പതിക് ഫിസിഷ്യൻ)

ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ പെരുമ്പാവൂർ P.W.D. റെസ്റ്റ് ഹൗസിൽ വച്ച് നടന്ന ഹോമിയോപ്പതി വാത രോഗ ശില്പശാലയിൽ 'നടുവ്വേദന' കേരളത്തിലെ പ്രധാന പൊതു ജനാരോഗ്യ പ്രശ്നമായി മാറുകയാണെന്ന് വിലയിരുത്തി. ഈ സാഹചര്യത്തിൽ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പെട്ടെന്നുണ്ടാകുന്ന തീവ്രമായ നടുവ്വേദന ഗൗരവമായി കാണണം, ചികിത്സ തേടണം.

2. സ്ഥിരമായി നിലനിൽക്കുന്ന നടുവ്വേദന ഗുരുതരമായ രോഗം മൂലമല്ല. മിക്കവാറും ശാരീരികമായ കാരണങ്ങൾ കൂടാതെ മാനസിക അസ്വസ്ഥതകളും പിരിമുറുക്കങ്ങളും കാരണമാകാറുണ്ട്.

3. പൊണ്ണത്തടിയും ഭാരക്കൂടുതലും നിയന്ത്രിച്ച് ചിട്ടയായ വ്യായാമവും നടത്തവും ശീലിച്ചാൽ ഒരു പരിധി വരെ ആശ്വാസം ലഭിക്കും.

4. വേദന വ്യക്ത്യാധിഷ്ഠിതമാകയാൽ പെരുപ്പിച്ച് പറയാതിരിക്കുക.

5. മലബന്ധവും വാതരോഗങ്ങളും നടുവ്വേദനയുടെ കാരണങ്ങളാണ്.

6. നടുവ് വേദനയ്ക്കുള്ള ചികിത്സാ പരാജയങ്ങളുടെ മുഖ്യകാരണം അനവസരത്തിലുള്ള ശസ്ത്രക്രിയയാണ്. മിക്കവാറും വളരെ കുറച്ചു പേർക്ക് മാത്രമേ ശസ്ത്രക്രിയ ഫലിക്കാറുള്ളൂ.

7. വേദനയ്ക്കുള്ള ഒട്ടുമിക്ക മരുന്നുകളും അപകടകാരികളും, കുടലിൽ അൾസറിനും അസിഡിറ്റിക്കും കാരണമാകുന്നു.

8. സ്വയം ചികിത്സയും, അനവസരത്തിലുള്ള തിരുമ്മും ദോഷമേ ചെയ്യൂ. ദീർഘകാലം വിശ്രമം രോഗിയെ കിടപ്പിലാക്കാനേ ഉപകരിക്കൂ.

9. ഉത്ക്കണ്ഠയും, വെറുപ്പും, നിരാശയും, വൈകാരിക പക്വതയിലെ ഏറ്റക്കുറച്ചിലുകളും നടുവുവേദനയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ട് മനസിനും ശരീരത്തിനും ശാന്തത നൽകുന്ന പ്രവർത്തനങ്ങൾ കൂടുതൽ പ്രയോജനം ചെയ്യുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി കൽക്കട്ടയിൽ നടത്തിയ പഠനങ്ങളിൽ സന്ധിവാതം, വിട്ടുമാറാത്ത നടുവ് വേദന, കശേരുക്കളിലെ തേയ്മാനം, അകൽച്ച എന്നിവയ്ക്ക് ദൂഷ്യഫലങ്ങളില്ലാതെ കുറഞ്ഞ ചെലവിൽ ഒരു വിദഗ്ദ്ധമായ ഹോമിയോ ചികിത്സയിൽ സാധാരണ ജീവിതത്തിലേക്ക് രോഗിയെ തിരിച്ചു കൊണ്ടുവരാനാകുമെന്ന് റിപ്പോർട്ട് ചെയ്യുന്നു.


**ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റ്**

ഒറിജിനലിനെ വെല്ലുന്ന ഡൂപ്ലിക്കേറ്റോ? അതെങ്ങനെ സാദ്ധ്യമാകും? സംശയം വേണ്ട. അത് തികച്ചും സാദ്ധ്യമാണ്. പെരുമ്പാവൂരിലെ ചാവിക്കടയിൽ നിർമ്മിക്കുന്ന ഡൂപ്ലിക്കേറ്റ് താക്കോലുകൾ ഒറിജിനൽ പോലെ കുറ്റമറ്റതാണ്. താക്കോൽ നഷ്ടപ്പെട്ടാലും പൂട്ടുകൾക്ക് താക്കോലുണ്ടാക്കും.

**ചാവിക്കട**
ഫെഡറൽ ബാങ്കിന് എതിർവശം
പെരുമ്പാവൂർ. ഫോൺ: 9447149309
സമയം: 9 AM to 9 PM. ഞായറാഴ്ചയും പ്രവർത്തിക്കും

# ബൈബിളും ജ്യോതിഷവും (മൂന്നാം പേജിൽ നിന്ന് തുടരുന്നു)

ടുത്തിയിരിക്കുന്നു. ഏലിഹു ഇയ്യോബിനോടുള്ള തന്റെ പ്രഭാഷണത്തിൽ പ്രകൃതിയിൽ കാണുന്ന ദൈവത്തിന്റെ മഹത്വം, ജ്ഞാനം, ശക്തി, മഹിമ എന്നിവ വ്യക്തമാക്കാൻ ഉരുവിടുന്നതാണ് ആ വാക്കുകൾ. അവൻ പ്രകൃതിയിൽ തന്റെ ശക്തി വെളിപ്പെടുത്തുമ്പോൾ മനുഷ്യരുടെ പ്രയത്നത്തിന് വിരാമമിടുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ തന്നെ കാർത്തിക, മകയിരം, രാശിചക്രം, സപ്തമി എന്നിവയെപ്പറ്റി ഇയ്യോബ് 38:31-33 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. അവിടെയും ദൈവത്തിന്റെ മഹത്വവും മനുഷ്യന്റെ ബലഹീനതയും ആണ് വിഷയം. ദൈവം സകലത്തേയും നിയന്ത്രിക്കുന്നു എന്നാണ് ഇയ്യോബിനോട് ദൈവം അരുളിച്ചെയ്യുന്നത്. മേൽ ഉദ്ധരിച്ച ഭാഗങ്ങളെ ഒരിക്കലും നമുക്ക് ഹസ്തരേഖാശാസ്ത്രത്തിനോ ജ്യോതിഷത്തിനോ ഉപോൽബലകമായി ഉപയോഗിച്ചുകൂടാ. ദൈവവചനം വ്യക്തമായി ഇതിനേയും വിലക്കിയിരുന്നു. "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടുത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാർ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അജ്ഞനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യം ചെയ്യുന്നവനെല്ലാം യഹോവയ്ക്കു വെറുപ്പാകുന്നു." (ആവ. 18:9-12).

b. ലക്ഷണ ചീട്ടുകൾ

തത്തയെയോ മറ്റേതെങ്കിലും മൃഗത്തെയോ പക്ഷിയെയോ ഉപയോഗിച്ച് മുൻ രേഖപ്പെടുത്തിയിരിക്കുന്ന ചീട്ടുകളിൽ ഒന്നോ അതിലധികമോ തെരഞ്ഞെടുത്ത് ഒരു വ്യക്തിയുടെ ഭാവി പ്രവചിക്കുന്ന വിധത്തെ Cartomancy എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം. ഈ ചീട്ടുകൾ ഭാവിയിലെ സകല രഹസ്യങ്ങൾക്കും ഉറവിടമാണ് എന്നാണ് വിശ്വാസം. ടറോറ്റ് ചീട്ടുകൾ മനുഷ്യന്റെ ഏറ്റവും വലിയ കാപട്യങ്ങളിൽ ഒന്നാണ്. മനുഷ്യന്റെ മുഖം നോക്കി ലക്ഷണം പറയലും, ചീട്ടു നോക്കി ഭാവി പ്രവചിക്കലും ആഭിചാരത്തിന് അടിമയായ മനുഷ്യജീവിതത്തെ വളരെ സാധീനിക്കുന്നുണ്ട്.

ഈ ചീട്ടുകളെ രണ്ടു വിഭാഗമായി തരംതിരിക്കാൻ സാധിക്കും. ഒന്ന് Major Arcana എന്നും Minor Arcana എന്നും. Major Arcana 22 ചീട്ടുകളും Minor Arcana 56 ചീട്ടുകളും (ഇപ്പോൾ 52 ചീട്ടുകൾ മാത്രം) ഉപയോഗിക്കുന്നു. ഇവകളെ നാലായി ഭാഗിക്കുന്നു. ഈ നാലു വിഭാഗങ്ങളിൽ നിന്നും ഒരു വ്യക്തിയുടെ ഭാവി പ്രവചിക്കുവാൻ സാധിക്കുമെന്ന് ഇക്കൂട്ടർ അവകാശപ്പെടുന്നു. ഈ ചീട്ടുകളുടെ ഉത്ഭവം എവിടെയാണ് എന്ന കാര്യം ഇന്ന് ഉറപ്പിച്ചു പറയുവാൻ കഴിയുന്നില്ല. ഒരു കൂട്ടർ ഈജിപ്തുകാരുടെ ജ്ഞാനദേവന്റെ പുസ്തകമായ Book of Thoth ആണ് ഉത്ഭവമെന്നും, അല്ല എബ്രായരുടെ The twenty two paths of the Hebrew Cabla ആണെന്നും, മറ്റു ചിലർ പടിഞ്ഞാറൻ യൂറോപ്പിലാണ് ഇതിന്റെ ഉത്ഭവം എന്നും അവകാശപ്പെടുന്നു.

ഈ ലക്ഷണ ചീട്ടുകളുടെ പിന്നാലെ പോകുന്നവർ എപ്പോഴും ഭാവിയെക്കുറിച്ച് വ്യാകുലപ്പെടുന്നവരായിരിക്കും. ദൈവീക കരുതലുകളെ അവിശ്വസിക്കുന്നവർ ഭാവിയെപ്പറ്റിയുള്ള അറിവിനാൽ ആപത്തൊഴിവാക്കാം എന്നും നിനയ്ക്കുന്നു.

ശാസ്ത്രലോകം ഈ ലക്ഷണ ചീട്ടുകാരെ പുച്ഛിച്ചു തള്ളിയിരിക്കുകയാണ്. ഇക്കൂട്ടർക്ക് തങ്ങളുടെ സിദ്ധാന്തത്തെ സ്ഥാപിക്കാനായി ഇന്നുവരെ വ്യക്തമായ ഒരു തെളിവും നൽകാനായിട്ടില്ല. എന്നാൽ ഓരോരുടെ മുഖത്തെ ഭാവഭേദങ്ങളെ അവലോകനം ചെയ്യാനുള്ള ഇവരുടെ കഴിവ് അപാരം തന്നെയാണ്. ഭാവി പ്രവചനത്തിന്റെ വിജയരഹസ്യം യഥാർത്ഥത്തിൽ മുഖം വായിക്കലാണ്.

ഭാവിയിലേക്ക് ഒളിഞ്ഞു നോക്കാനുള്ള മനുഷ്യന്റെ അതിരറ്റ വാഞ്ഛയാണ് ലക്ഷണ ചീട്ടുകളെ ഒരുവൻ പിൻതുടരുവാനുള്ള കാരണം. എന്നാൽ ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നത് "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വാചകങ്ങളും അനുസരിച്ച് നടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു." (ആവ. 29:28). നിഗൂഢമാക്കി വെച്ചിരിക്കുന്ന നാളെ എന്ന ദിവസത്തെ ഇന്നു തന്നെ ഗ്രഹിക്കാൻ ശ്രമിക്കുന്നത് ദൈവത്തോടുള്ള മത്സരമാകയാൽ അത് പൈശാചികമാകുന്നു.

ദൈവമക്കൾ ഓർത്തിരിക്കേണ്ടത് ഭൂതവും വർത്തമാനവും ഭാവിയും ഒരുപോലെ അറിയുന്ന ഒരു ദൈവത്തിലാണ് നാം ആശ്രയം വെച്ചിരിക്കുന്നത് എന്നാണ്. "ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം? ആകയാൽ എന്തു തിന്നും എന്തു കുടിക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ട് നാളേയ്ക്കായി വിചാരപ്പെടരുത്. നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി." (മത്തായി 6:30-34).

c. സ്ഫടിക ദർശനം

നമ്മുടെ നാട്ടിൽ സാധാരണമല്ല എങ്കിൽ തന്നെയും ആഭിചാരങ്ങളുടെ പട്ടികയിൽ നമുക്ക് സ്ഫടിക ദർശനം കാണാം. ഈ വിഭാഗത്തിൽ തന്നെ സ്വച്ഛജല ദർശനം, സ്ഫടിക കട്ടകൾ മുതലായവ ഉൾപ്പെടുത്താവുന്നതാണ്. സ്ഫടിക വിദ്യ മൂലം ഇക്കൂട്ടർ ചില രോഗങ്ങൾക്ക് ചികിത്സ നടത്തുകയും, അതുപോലെ തന്നെ വ്യക്തികളെ രോഗങ്ങൾക്കും മറ്റും അടിമയാക്കുകയും ചെയ്യും എന്നാണ് അവകാശവാദം. വളരെ വിദൂരതയിൽ ഇരുന്നു തന്നെ രോഗികളെ ചികിത്സിക്കാനും ഇക്കൂട്ടർക്ക് കഴിയുന്നു എന്ന് പ്രചരിപ്പിക്കുന്നു. ശത്രുക്കളിൽ നിന്നും സംരക്ഷണം, സ്നേഹം, ഉത്തേജിപ്പിക്കൽ എന്നുവേണ്ട ഇവരുടെ അവകാശവാദങ്ങൾ ജീവിതത്തിന്റെ വിവിധ തലത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

തന്റെ മുന്നിലിരിക്കുന്ന സ്ഫടികത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ നിന്നും ഭൂമിയുടെ ഏതെങ്കിലും ഒരു കോണിൽ നടക്കുന്ന കാര്യങ്ങൾ ഇക്കൂട്ടർ ഗ്രഹിക്കുന്നു എന്നും, കുറ്റവാളികളെ കണ്ടെത്തുക തുടങ്ങിയ ഗുപ്തമായ പലതും തങ്ങൾ ചെയ്യുന്നു എന്നും ഇക്കൂട്ടർ ആണയിടുന്നു. സ്ഫടികത്തിൽ ദർശിക്കുക നിമിത്തം ഇവർക്ക് ഒരു അതീന്ദ്രിയ ജ്ഞാനം ലഭിക്കുന്നു എന്നും തന്മൂലം ഭൂമിയിൽ എവിടെയും സംഭവിച്ചു കഴിഞ്ഞതോ, സംഭവിച്ചു കൊണ്ടിരിക്കുന്നതോ ആയ കാര്യങ്ങൾ നിഗൂഢത മാറ്റി ഇവർ കാണുന്നു എന്നും, അതാണ് തങ്ങൾ പ്രസ്താവിക്കുന്നത് എന്നും അവകാശപ്പെടാറുണ്ട്.

ശാസ്ത്രത്തിലോ ദൈവവചനത്തിലോ ഇവർക്ക് യാതൊരു സ്ഥാനവുമില്ല. ഈ ഭാവിയുടെ ജാലകങ്ങൾ മിക്കപ്പോഴും ദർശകന്റെ മനോഭാവന മാത്രമാണ്. ചില സമയങ്ങൾ തന്റെ ഭാവനാനുസരണം പോലെ സംഭവിക്കുന്നു എന്നു മാത്രം. വെളിച്ചപ്പാടത്തികളും മന്ത്രവാദികളും ഉൾക്കൊള്ളുന്ന ഈ രംഗം പിശാചിന്റെ വഞ്ചനയുടെ വിഹാരരംഗം കൂടിയാണ്.

ദൈവവചനം വ്യക്തമായി ഇവരേയും എതിർക്കുന്നു. "അവർ വ്യാജവും കള്ളപ്രശ്നവും ദർശിച്ചിട്ട് യഹോവയുടെ അരുളപ്പാട് എന്നു പറയുന്നു. യഹോവ അവരെ അയച്ചില്ലെങ്കിലും വചനം നിവൃത്തിയായ് വരുമെന്ന് അവർ ആശിക്കുന്നു. ഞാൻ അരുളിച്ചെയ്യാതിരിക്കെ യഹോവയുടെ അരുളപ്പാട് എന്നു നിങ്ങൾ പറയുന്നതിനാൽ നിങ്ങൾ മിഥ്യാദർശനം ദർശിക്കുകയും, വ്യാജപ്രശ്നം പറയുകയും അല്ലോ ചെയ്തിരിക്കുന്നത്. അതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ വ്യാജം പ്രസ്താവിച്ചു ഭോഷ്ക്ക് ദർശിച്ചിരിക്കുന്നതു കൊണ്ട് ഞാൻ നിങ്ങൾക്ക് വിരോധമായിരിക്കുന്നു എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. വ്യാജം ദർശിക്കുകയും കള്ളപ്രശ്നം പറയുകയും ചെയ്യുന്ന പ്രവാചകന്മാർക്ക് എന്റെ കൈ വിരോധമായിരിക്കും. എന്റെ ജനത്തിന്റെ മന്ത്രിസഭയിൽ അവർ ഇരിക്കയില്ല. യിസ്രായേൽ ഗൃഹത്തിന്റെ പേര് വഴിച്ചാർത്തിൽ അവരെ എഴുതുകയില്ല. യിസ്രായേൽ ദേശത്തിൽ അവർ കടക്കുകയില്ല. ഞാൻ യഹോവയായ കർത്താവ് എന്നു നിങ്ങൾ അറിയും." (യെഹെ. 13:6-9).

"നിങ്ങൾ വ്യാജം പ്രസ്താവിച്ചു ഭോഷ്ക്ക് ദർശിച്ചിരിക്കുന്നതു കൊണ്ട് ഞാൻ നിങ്ങൾക്ക് വിരോധമായിരിക്കുന്നു എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. വ്യാജം ദർശിക്കുകയും കള്ളപ്രശ്നം പറയുകയും ചെയ്യുന്ന പ്രവാചകന്മാർക്ക് എന്റെ കൈ വിരോധമായിരിക്കും. എന്റെ ജനത്തിന്റെ മന്ത്രിസഭയിൽ അവ ഇരിക്കയില്ല. യിസ്രായേൽ ഗൃഹത്തിന്റെ പേര് വഴിച്ചാർത്തിൽ അവരെ എഴുതുകയില്ല. യിസ്രായേൽ ദേശത്തിൽ അവർ കടക്കുകയില്ല. ഞാൻ യഹോവയായ കർത്താവ് എന്നു നിങ്ങൾ അറിയും." (യെഹെ. 13:6-9).

d. സൈക്കോമെട്രി

Dictionary of Mysticism, Psychometry-യെയും ആഭിചാരത്തിന്റെ ഗണത്തിൽ തന്നെയാണ് പെടുത്തിയിരിക്കുന്നത്. ഏതെങ്കിലും ഒരു വസ്തുവിൽ സ്പർശിച്ചാൽ അതിന്റെ ഉടമസ്ഥനെക്കുറിച്ച് വ്യക്തമായി പറയുക മാത്രമല്ല, അദ്ദേഹത്തിന്റെ ഭാവി പോലും ഇക്കൂട്ടർ പ്രവചിക്കുന്നു.

സൈക്കോമെട്രിക്ക് വിശ്വാസിയുടെ ജീവിതത്തിൽ സ്ഥാനമില്ല. വിശ്വാസി ഒരിക്കലും വെളിച്ചപ്പാടന്മാരെയോ മന്ത്രവാദികളെയോ അല്ല ഭാവി അറിയുവാൻ സമീപിക്കുക. കർത്താവ് സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേയ്ക്കും നമ്മോടുകൂടെ ഇരിക്കേണ്ടതിന് നമുക്ക് തന്നിരിക്കുന്നു. ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്ന ചില സത്യങ്ങൾ ശ്രദ്ധിക്കാം. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന് കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും, ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും." (യോഹ. 14:26). "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവ് തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധിക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതു കൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." (റോമ. 8:26-28).

ആഭിചാരങ്ങളുടെ നീണ്ട പട്ടികയിൽ നിന്നും ചിലത്:

1. ചായ കോപ്പ വ്യാഖ്യാനം (Tea cup reading)

ചായ കോപ്പയുടെ അടിയിൽ അടിയുന്ന മട്ടിനെ ആസ്പദമാക്കി ഉടലെടുത്തിരിക്കുന്നതാണ് ഈ ആഭിചാര ശാസ്ത്രം. ചായ തിളച്ചു കഴിയുമ്പോൾ അടിയുന്ന മട്ടാണ് ഭാവി പ്രവചനത്തിന് നിദാനം.

2. ജിയോമാക്സ് (Geomaxy)

12 ഭാഗങ്ങളുള്ള ഒരു ഭൂപടത്തെ നോക്കി ഗ്രഹങ്ങളുടെയും മറ്റും ഗതി വീക്ഷിച്ച് ഇക്കൂട്ടർ ഭാവി പ്രവചിക്കുന്നു.

3. അയിറോമൻസ് (Aeromancy)

തുറന്നു വച്ചിരിക്കുന്ന ഒരു പാത്രത്തിലെ ജലത്തിന്റെ നേരിയ ചലനങ്ങൾ ശ്രദ്ധിച്ച് ഇക്കൂട്ടർ ഭാവി പ്രവചനം നടത്തുന്നു.

4. അരിതമൻസി (Arithmancy)

ഒരു സംഖ്യയിലെ അക്കങ്ങളെ കൂട്ടിയും കുറച്ചും ലഭിക്കുന്ന അക്കങ്ങളിൽ ചില സൽഫലങ്ങളും ദോഷഫലങ്ങളും ഉൾക്കൊള്ളുന്നു എന്ന് ഇവരവകാശപ്പെടുന്നു. അതിനോട് ചേർത്ത് ഭാവിയും ഇക്കൂട്ടർ പ്രവചിക്കുന്നു. ഒരു വ്യക്തിയുടെ പേരിന്റെ അക്ഷരങ്ങൾക്ക് തുല്യമായി അക്കങ്ങൾ എടുത്ത് അതിനെ കൂട്ടുകയും കുറയ്ക്കുകയും ചെയ്തും ഇവർ ഭാവിയിലെ ഗുണദോഷങ്ങൾ പ്രവചിക്കുന്നു. വാഹനങ്ങളുടെ നമ്പർ എന്നു വേണ്ട സകലത്തിലും ഇവർ ഭാവി കണ്ടെത്തുവാൻ ശ്രമിക്കുന്നു. ചില തീയതികൾ, ഒരു വ്യക്തിയുടെ ആയുസ്സിലെ വയസ്സുകൾ ഒന്നും ഈ സംഖ്യാശാസ്ത്രക്കാർ ഉപേക്ഷിക്കാറില്ല.

5. ഓഗറി (Augury)

പുരാതന റോമാക്കാരാണ് ഈ ശാസ്ത്രത്തിന്റെ വക്താക്കളായിരിക്കുന്നത്. വാനിൽ പറക്കുന്ന പക്ഷികളുടെ ഗതിയെ ആശ്രയിച്ച് ഇക്കൂട്ടർ ഭാവി പ്രസ്താവിക്കുന്നു. നമ്മുടെ നാട്ടിലും കാക്ക കരഞ്ഞാൽ വിരുന്നുകാർ വരും, വശവൻ ചിലച്ചാൽ വീട്ടിൽ കലഹമുണ്ടാകും, പല്ലി ചൊല്ലിയാൽ കൂടെ ചൊല്ലുകയും ആ പറഞ്ഞ കാര്യം സത്യമാണ് എന്ന വിശ്വാസം, കണി കാണുക മുതലായ അന്ധവിശ്വാസങ്ങൾ ഉണ്ട്. ഈ വക വിശ്വാസ സിദ്ധാന്തങ്ങളെ ഈ വിഭാഗത്തിൽ പെടുത്താം.

6. കപ്നോമാൻസി (Capnomancy)

യാഗപീഠത്തിൽ നിന്നും മറ്റും ഉതിർക്കുന്ന പുകയുടെ ഗതിയെ നോക്കി ഭാവി പ്രവചിക്കുന്നു.

7. റസോദമൻസി (Rhasodamancy)

വിശുദ്ധഗ്രന്ഥത്തെ ഭാവി അറിയാൻ ആശ്രയിക്കുന്നു. ആഭിചാരകൻ തന്റെ പ്രാർത്ഥന, ധ്യാനം ഇവ കഴിഞ്ഞ് വിശുദ്ധ ഗ്രന്ഥം തുറക്കുന്നു. അപ്പോൾ ലഭിക്കുന്ന പേജിൽ നിന്നും ഒരു നിശ്ചിത നമ്പർ പേജുകൾ വിട്ടതിനു ശേഷം നിശ്ചിത വരികൾ വിടുന്നതിനു ശേഷം നിശ്ചിത അക്ഷരങ്ങൾ വിട്ട് തുടർന്നു വായിക്കുന്നു. ഇക്കൂട്ടർ അത്ഭുതങ്ങളുടെ ഭാവി പ്രവചനത്തിനായി ഈ രീതി ഉപയോഗിക്കുന്നു.

ചുരുക്കത്തിൽ, ആഭിചാരകന്മാർ ഇന്ന് പലവിധത്തിൽ ദൃശ്യമാണ്. വെളിച്ചപ്പാടത്തികളും വെളിച്ചപ്പാടന്മാരും മാത്രമല്ല, മറ്റു പല രൂപങ്ങളിലും നമുക്കിവരെ കണ്ടുമുട്ടാം. എന്നാൽ എല്ലാവിധത്തിലുമുള്ള ആഭിചാരങ്ങളേയും ബൈബിൾ വിലക്കുന്നു. ദൈവം ഇവയെ മ്ലേച്ഛമായി കാണുന്നു. (ആവ. 18:11, 12). ഈ വകകളെ ആചരിക്കുന്നവരെ പഴയനിയമം മരണശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു. (ലേവ്യ. 20: 6, 27).

വ്യാജപ്രവാചകന്മാരെ (യിര. 14:14) ചിലപ്പോൾ ജ്യോതിഷക്കാരും നക്ഷത്രം നോക്കുന്നവർ എന്നും (യെശ. 47:3), വെളിച്ചപ്പാടൻ എന്നും (ആവ. 18:11), മുഹൂർത്തക്കാർ എന്നും (ആവ. 18:14), മന്ത്രവാദികൾ എന്നും (ഉൽപ്പ. 48:8), പ്രശ്നക്കാർ എന്നും (യെശ. 2:6), കള്ളപ്രവാചകന്മാർ എന്നും (അപ്പ.പ്രവ. 13:6, 8), അജ്ഞനക്കാരൻ (ആവ. 18:11) എന്നും വിളിച്ചിരിക്കുന്നു. എന്നാൽ ഒരിക്കൽ ദൈവം തന്നെ ആഭിചാരകന്മാരെ തുടച്ചുമാറ്റിക്കളയും. "ഞാൻ ക്ഷുദ്രപ്രയോഗങ്ങളെ നിന്റെ കയ്യിൽ നിന്നും ഛേദിച്ചുകളയും. ശകുനവാദികൾ നിനക്ക് ഇനി ഉണ്ടാവുകയില്ല." (മീഖാ. 5:12). ഈ ദൈവിക വാഗ്ദത്തം ഒരിക്കൽ നിറവേറുക തന്നെ ചെയ്യും.

(ഒക്ടോബർ -16 ലക്കത്തിൽ സാത്താൻ സഭയേക്കുറിച്ചുള്ള ലേഖനം പ്രതീക്ഷിക്കുക).

# അന്യഭാഷയും കുറെ തെറ്റിദ്ധാരണകളും

ഏറ്റവും അധികം ദുരുപയോഗം ചെയ്യപ്പെടുന്ന വരമാണ് അന്യഭാഷ. സ്ഥാനത്തും അസ്ഥാനത്തും അന്യഭാഷ ഉപയോഗിക്കുമ്പോൾ ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാകുന്നത്. കൊരിന്തിൽ സംഭവിച്ചതും അതുതന്നെ. അന്യഭാഷയുടെ ദുരുപയോഗം മൂലം ആരാധനായോഗങ്ങൾ അലങ്കോലപ്പെട്ടു.

പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച വ്യക്തിക്ക് അന്യഭാഷ പറയുകയോ പറയാതിരിക്കുകയോ ചെയ്യാമെന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ട്. മനുഷ്യന്റെ നിയന്ത്രണത്തിൽ നിൽക്കുന്ന കാര്യമാണ് അന്യഭാഷ എന്ന് ചുരുക്കം. അതുകൊണ്ട് ആവശ്യമില്ലാതെ അന്യഭാഷ പറയാതിരിക്കുവാൻ കഴിയും. വേണ്ടവിധം ഉപയോഗിച്ചാൽ അന്യഭാഷ ആത്മീക വർദ്ധനവിന് സഹായകമാകും.

അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോടു സംസാരിക്കുന്നു എന്നു പറയുന്നതിലൂടെ അന്യഭാഷ ഒരു പ്രാർത്ഥനാഭാഷയായി ഉപയോഗിക്കാമെന്ന് പൗലോസ് പഠിപ്പിക്കുന്നു. ദൈവത്തോട് അന്യഭാഷയിൽ സംസാരിക്കാൻ വലിയ ഒച്ചപ്പാട് ഉണ്ടാക്കേണ്ട ആവശ്യമില്ലല്ലോ. അടുത്തിരിക്കുന്നവർക്കുപോലും കേൾക്കാൻ പറ്റാത്തത്ര ചെറിയ ശബ്ദത്തിൽ അന്യഭാഷ പറയാം.

അന്യഭാഷയിലൂടെ ദൈവം ജനത്തോട് സംസാരിക്കും. ആ ഭാഷ അറിയാവുന്നവർക്ക് വ്യാഖ്യാനം കൂടാതെ അത് മനസ്സിലാക്കുവാൻ സാധിക്കും. പെന്തക്കോസ്ത് നാളിൽ ചിലർക്ക് അന്യഭാഷ മനസ്സിലായത് ഈ വിധത്തിലാണ്. എന്നാൽ വളരെ അപൂർവ്വമായി മാത്രമേ അന്യഭാഷ മനസ്സിലാകാറുള്ളൂ. അതുകൊണ്ട് അന്യഭാഷ വ്യാഖ്യാനിക്കേണ്ടതായി വരുന്നു.

അന്യഭാഷാവ്യാഖ്യാനം എന്നൊരു വരമുണ്ട്. (വിവിധ ഭാഷകളുടെ വരവുമുണ്ട്). ഒരാൾ അന്യഭാഷ പറയുകയും മറ്റൊരാൾ വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഒരു രീതി. ഇങ്ങനെ വ്യാഖ്യാനിക്കാൻ വരം ലഭിച്ച വ്യക്തി സഭയിലുണ്ടെങ്കിൽ ഓരോരുത്തരായി അന്യഭാഷ പറയുകയും വ്യാഖ്യാനവരമുള്ള വ്യക്തി വ്യാഖ്യാനിക്കുകയും ചെയ്യണം. എന്നാൽ വ്യാഖ്യാനി ഇല്ലെങ്കിൽ മറ്റു ശുശ്രൂഷകൾക്ക് തടസ്സമുണ്ടാകുന്നത്ര ഉച്ചത്തിൽ അന്യഭാഷ പറഞ്ഞ് അലങ്കോലമുണ്ടാക്കരുത്.

അന്യഭാഷ പറയുന്ന വ്യക്തിതന്നെ വ്യാഖ്യാനിക്കുന്നതാണ് മറ്റൊരു രീതി. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കണം എന്ന് പൗലോസ് നിർദ്ദേശിക്കുന്നു.

കൊരിന്ത് സഭയിൽ നടന്നതിനു തുല്യമായ കാര്യങ്ങളാണ് ഇന്ന് പെന്തക്കോസ്ത് സഭകളിൽ നടക്കുന്നത്. ഒരു നിയന്ത്രണവുമില്ലാതെ എല്ലാവരും അന്യഭാഷ പറഞ്ഞ് ബഹളം കൂട്ടുന്നു. അതാണ് ആരാധന എന്നു പറയുന്നു. അതിലൂടെ സഭക്ക് ആത്മീയ വർദ്ധനവ് ഉണ്ടായതായി ഭാവിക്കുന്നു. പക്ഷേ ആത്മാവിന് ഒരുവിധത്തിലുള്ള പോഷണവും ഇതുമൂലം ഉണ്ടാകുന്നില്ല എന്നതാണ് സത്യം.

കൺവെൻഷനും മറ്റും നടക്കുമ്പോൾ മൈക്കിലൂടെ അന്യഭാഷ പറയുന്നവരുണ്ട്. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന് മനസ്സിലാകുന്നില്ല. അന്യഭാഷ രണ്ടു വിധത്തിൽ മാത്രമേ ഉപയോഗിക്കാനാവൂ:

1. മനുഷ്യന് ദൈവത്തോട് സംസാരിക്കാൻ (പ്രാർത്ഥനാഭാഷ എന്ന നിലയിൽ). 1കൊരി.14:2 ഈ വിധത്തിൽ അന്യഭാഷ സംസാരിക്കുമ്പോൾ കഴിയുന്നത്ര ഒച്ച കുറച്ച് സംസാരിച്ചാൽ മതിയാകും. മൈക്ക് ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടാകുന്നതുമില്ല.
2. ദൈവത്തിന് മനുഷ്യനോട് സംസാരിക്കാൻ. 1കൊരി.14:21 വ്യാഖ്യാനി ഉള്ളപ്പോൾ മാത്രമേ ഈ വിധത്തിലുള്ള അന്യഭാഷ സംസാരിക്കേണ്ട ആവശ്യമുള്ളൂ. കൺവെൻഷനും മറ്റും ഈ തരത്തിലുള്ള അന്യഭാഷകൊണ്ട് ഗുണമൊന്നും വരാനില്ല.

തങ്ങൾ അത്യുഗ്രൻ ഭക്തൻമാരാണെന്നു വരുത്തിതീർക്കാനാണ് പലരും അന്യഭാഷ പറയുന്നത്. മൈക്കിൽക്കൂടി അന്യഭാഷ പറയുന്നതിന്റെ കാരണവും ഇതുതന്നെ. കൊരിന്തിലും ഇത്തരക്കാർ ഉണ്ടായിരുന്നു. ഇത്തരം പ്രവണതകൾക്കെതിരെയാണ് പൗലോസ് പ്രതികരിക്കുന്നത്. എന്നാൽ കാര്യം അറിയാതെ പലരും പൗലോസിന്റെ നിർദ്ദേശങ്ങൾ ദുർവ്യാഖ്യാനം ചെയ്യുന്നു. പരിശുദ്ധാത്മാഭിഷേകം, അന്യഭാഷ, പ്രവചനം തുടങ്ങിയവയ്ക്കെതിരെ നിലപാടെടുക്കുന്നവർ ഇത്തരത്തിലുള്ള അബദ്ധമാണ് ചെയ്തുകൂട്ടുന്നത്.

ഇക്കാലത്തുള്ള അന്യഭാഷകളെല്ലാം ദൈവീകമാണെന്നും വചനാനുസൃതമാണെന്നും ഈ പറഞ്ഞതിന് അർത്ഥമില്ല. വചനവിരിദ്ധമായ നിരവധി കാര്യങ്ങൾ പെന്തക്കോസ്തിൽ നടക്കുന്നുണ്ട്. കൂടാതെ, ഇക്കാലത്തെ അന്യഭാഷകളിൽ നല്ലൊരു പങ്ക് ദൈവാത്മാവിലുള്ളതുമല്ല. മുമ്പൊരു ലക്കത്തിൽ സൂചിപ്പിച്ചതുപോലെ ഇക്കാലത്ത് പ്രധാനമായും അഞ്ചു തരത്തിലുള്ള അന്യഭാഷയും പ്രവചനവും മറ്റും നടക്കുന്നുണ്ട്.

1. ദൈവീകം.

ഇതേപ്പറ്റിയാണ് കഴിഞ്ഞ ചില ലക്കങ്ങളായി വിശദീകരിച്ചുകൊണ്ടിരുന്നത്. അതു കൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

2. സാത്താന്യം.

ദുരാത്മാവിൽ നിറഞ്ഞാലും അന്യഭാഷ പറയാനും പ്രവചിക്കാനും രോഗശാന്തി വരുത്താനും മറ്റും കഴിയും. അന്യഭാഷ പറഞ്ഞതുകൊണ്ടോ നൂറ്റുക്കു നൂറും ശരിയായ പ്രവചനം പറഞ്ഞതുകൊണ്ടോ അത്ഭുത രോഗശാന്തി വരുത്തിയതുകൊണ്ടോ ഒരു വ്യക്തിയുടെമേലുള്ളത് ദൈവാത്മാവാണെന്നു പറയാനാവില്ല എന്നു ചുരുക്കം. ഫലം കൊണ്ട് വൃക്ഷത്തെ തിരിച്ചറിയണം. പച്ചക്കള്ളം പറയുകയും അതോടൊപ്പം രോഗശാന്തി ശുശ്രൂഷ നടത്തുകയും ചെയ്യുന്ന വ്യക്തിയിൽ ഭോഷ്ക്കിന്റെ ആത്മാവാണുള്ളത് എന്നതിനു രണ്ടു പക്ഷമില്ല. ഇത്തരക്കാരെ സൂക്ഷിക്കുക. ഏതു ഹീനകൃത്യവും ചെയ്യാൻ അവർക്കു മടിയുണ്ടാകില്ല. പ്രവചനത്തിന്റെയും രോഗശാന്തിയുടേയും മറ്റും പേരിൽ ഇവർ ഭവനങ്ങളിൽ കടന്നു കൂടുകയും സാധുക്കളായ വിശ്വാസികളെ വലയ്ക്കുകയും പാപത്തിൽ കുടുക്കുകയും ചെയ്യും.

3. മാനസിക വിഭ്രാന്തി

സാധുക്കളായ വിശ്വാസികളാണ് ഇത്തരം അബദ്ധങ്ങളിൽ ചെന്നു ചാടുന്നത്. അമിതാത്മീയം മൂലം ഇവർക്ക് സമനില തെറ്റുന്നു. പെട്ടെന്നുണ്ടാകുന്ന വികാരാവേശത്താൽ ഇവർ വായിൽ തോന്നുന്നതൊക്കെ വിളിച്ചു പറയും. പലവിധത്തിലുള്ള ശബ്ദകോലാഹലങ്ങളും ഉണ്ടാക്കും. ഇതൊക്കെ പ്രവചനവും അന്യഭാഷയും മറ്റുമായി വ്യാഖ്യാനിക്കപ്പെടും.

4. ഭ്രാന്ത്

അന്യഭാഷയും പ്രവചനവും മറ്റുമായി നടക്കുന്നവരിൽ ചിലർക്ക് ശുദ്ധ ഭ്രാന്താണെന്നു പറഞ്ഞാൽ പിണങ്ങരുത്. ഇല്ലാത്തതു പലതും ഇവർ കാണും. ശബ്ദങ്ങൾ കേൾക്കും. ദൈവത്തെ കണ്ടെന്നും ദൈവം സംസാരിച്ചെന്നും മറ്റും അവകാശപ്പെടും. ഇതൊക്കെ സത്യമാണെന്നു വിശ്വസിക്കാനും ആളുമുണ്ടാകും. ദിവ്യൻമാരും സിദ്ധൻമാരും മറ്റുമായി വിലസുന്ന പലരും ഇത്തരത്തിലുള്ള മാനസിക രോഗികളാണ്.

5. തട്ടിപ്പ്

ശുദ്ധ തട്ടിപ്പുകാരും അന്യഭാഷ പറയും. പ്രവചിക്കും. നടക്കാത്ത രോഗശാന്തി നടന്നെന്ന് പ്രചരിപ്പിക്കും. കാര്യസാദ്ധ്യത്തിനായി എത്ര വലിയ ഭോഷ്ക്കും പറയും. ഏതു വിധത്തിലുള്ള തട്ടിപ്പും കാണിക്കും. ഇങ്ങനെയുള്ള നിരവധി ആളുകൾ പെന്തക്കോസ്ത് സഭകളിലുണ്ട്. ഇവരെയൊക്കെ ദൈവദാസൻമാരായി തെറ്റിദ്ധരിച്ച് സാധുക്കൾ വിഡ്ഢികളാകുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

ഡോ.കെ.ജോർജ് ജോസഫ് എഴുതിയ വെളുത്ത ഇരുട്ട് എന്ന പുസ്തകത്തിൽ പരിശുദ്ധാത്മാഭിഷേകവുമായി ബന്ധപ്പെട്ട് പറഞ്ഞിരിക്കുന്ന പലതും ശരിയല്ല എന്ന് വ്യക്തമാക്കാനാണ് ഇത്രയും എഴുതിയത്. ഇത്തരത്തിലുള്ള ചില തെറ്റുകളൊക്കെ മാറ്റി നിർത്തിയാൽ വെളുത്ത ഇരുട്ട് നിലവാരം പുലർത്തുന്ന ഒരു ഗ്രന്ഥമാണ്. ഈ പുസ്തകം ഏവരും വാങ്ങി വായിക്കണം.




വെളുത്ത ഇരുട്ട്

**ഡോ.കെ.ജോർജ് ജോസഫ്**

വില: 400 രൂപ

വിലാസം:

**Black & White Publications**
**Yamuna Nagar,**
**Chengannur P.O.**
**Alapuzha - 689 121**

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം.

ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ് സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം

you@yourname.com എന്ന ഈമെയിൽ

ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം

ഓരോ അധിക പേജിനും 400 രൂപ

**No hidden costs**
**No tricks or catches**

കൂടുതൽ വിവരങ്ങൾക്ക്:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: 0484-2592249
മൊബൈൽ: 9447414608

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.
സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.
ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3094032, 9447414608

# ആദിമുതലുള്ളതും ഞാൻ കണ്ടതും

**റ്റി. എസ്. ബാലൻ**

ഭൂതങ്ങളുണ്ട് എന്ന വിശ്വാസം ശുദ്ധ അന്ധവിശ്വാസമാണ് എന്നത്രേ ഞാൻ കരുതിയിരുന്നത്. ഇരട്ട വ്യക്തിത്വം എന്ന പേരിൽ അറിയപ്പെടുന്ന ഒരു പ്രതിഭാസമാണ് ഭൂതബാധയായി തെറ്റിദ്ധരിക്കപ്പെടുന്നത് എന്നത്രേ ശാസ്ത്രീയ വിശദീകരണം. പക്ഷേ, ഭൂതമുണ്ട് എന്ന് ഞാൻ അന്വേഷണത്തിലൂടെ കണ്ടെത്തി. അതേപ്പറ്റി പറയാം.

രക്ഷിക്കപ്പെടുന്നതിനു മുൻപ് ഒരു ദിവസം ഞാൻ ഒരു യോഗത്തിൽ സംബന്ധിച്ചു. സഭയിൽ ചിലർ സ്നാനപ്പെട്ട ദിവസമായിരുന്നു അത്. സ്നാനം കാണാനും ഞാൻ പോയിരുന്നു. അന്നത്തെ യോഗത്തിനിടയിൽ ഒരാൾ നിയന്ത്രണം വിട്ട് ചാടാനും തുള്ളാനും തുടങ്ങി. അന്ന് സ്നാനപ്പെട്ട ഒരാളായിരുന്നു ഇപ്രകാരം തുള്ളിയത്. അയാളുടെ തലയിൽ കൈവെച്ച് പാസ്റ്റർ കുറച്ചു സമയം പ്രാർത്ഥിച്ചു. അതോടെ തുള്ളൽ നിന്നു.

ഏതാനും മാസങ്ങൾ കഴിഞ്ഞ് ഞാൻ രക്ഷിക്കപ്പെട്ടു. അതിനുശേഷം ഒരു ദിവസം ഈ സഹോദരന്റെ വീട്ടിൽ വെച്ച് ഒരു യോഗം നടന്നു. യോഗത്തിനിടയിൽ ഞാൻ ഒരു ദർശനം കണ്ടു. ഭീകര രൂപിണിയായ ഒരു സ്ത്രീ. അവളുടെ കൈയിൽ പത്തു വയസ്സോളം പ്രായം തോന്നിക്കുന്ന ഒരു കുട്ടി. ഈ കുട്ടി എന്റേതാണ്, ഞാൻ കൊണ്ടുപോകുകയാണ്. ആ സ്ത്രീ പറഞ്ഞു. പക്ഷേ ഞാൻ സമ്മതിച്ചില്ല. ഇവർ ദൈവത്തെ ആരാധിക്കുന്നവരാണ്. കുട്ടിയെ കൊണ്ടുപോകരുത്, ഞാൻ പറഞ്ഞു. പക്ഷേ ആ സ്ത്രീ സമ്മതിച്ചില്ല. ആ വീട്ടുകാർ അവളെ രഹസ്യമായി ആരാധിക്കാറുണ്ടെന്നും അതുകൊണ്ട് അവൾ കുട്ടിയെ കൊണ്ടുപോകുമെന്നും തീർത്തു പറഞ്ഞു. അതോടെ ആ ദർശനം മാഞ്ഞു.

എന്താണ് ആ ദർശനത്തിന്റെ അർത്ഥമെന്ന് എനിക്കു മനസ്സിലായില്ല. യോഗം കഴിഞ്ഞപ്പോൾ ആ വീട്ടിലുള്ള ഒരു കുട്ടിയെ പ്രാർത്ഥിക്കാനായി കൊണ്ടുവന്നു. കുട്ടിക്ക് എന്തോ അസുഖമുണ്ടത്രേ. പാസ്റ്റർ പ്രാർത്ഥിക്കയും ചെയ്തു. മടങ്ങി വരുന്ന വഴിയിൽ വെച്ച് ഞാൻ ദർശനത്തേപ്പറ്റി പാസ്റ്ററോട് പറഞ്ഞു. അദ്ദേഹം ഒന്നും പറഞ്ഞില്ല. അതുകൊണ്ട് ഞാൻ ആ വിഷയം വിട്ടുകളഞ്ഞു.

ദർശനത്തിന്റെ ഗൗരവം പിന്നീടാണ് മനസ്സിലായത്. ആ കുട്ടി പിറ്റേന്ന് മരിച്ചു. അതോടെ പാസ്റ്റർ എന്നോടു ചോദിച്ച് ദർശനത്തിന്റെ വിശദാംശങ്ങൾ അറിഞ്ഞു. സഭാംഗങ്ങളായി ഭാവിച്ചു നടക്കുന്നുണ്ടെങ്കിലും അവർ രഹസ്യമായി അവരുടെ ഭരദേവതയെ പൂജിക്കയും ആണ്ടിലൊരിക്കൽ കുടുംബാംഗങ്ങളെല്ലാം ചേർന്ന് വിശേഷാൽ പൂജകൾ നടത്തുകയും ചെയ്യാറുണ്ടെന്നും അറിവായി. ആ മൂർത്തിയെയാണ് ഞാൻ ദർശനത്തിൽ കണ്ടത്. ഈ വിധത്തിലുള്ള മരണങ്ങൾ അവരുടെ തറവാട്ടിൽ പതിവാണെന്ന് അവർ സമ്മതിക്കുകയും ചെയ്തു.

കടമറ്റത്തച്ചന്റെ സീരിയൽ മിനി സ്ക്രീനിൽ നിറഞ്ഞു നിൽക്കുന്ന സമയമാണിത്. പക്ഷേ ടി.വിയിൽ കാണുന്ന കടമറ്റത്തച്ചനും യഥാർത്ഥ കടമറ്റത്തച്ചനും തമ്മിൽ വലിയ രൂപസാദൃശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്. അതെങ്ങനെ പറയാൻ കഴിയും എന്ന് ചോദിച്ചേക്കാം. മറുപടി ഇതാണ്: ഞാൻ കടമറ്റത്തച്ചനെ കണ്ടിട്ടുണ്ട്.

പാസ്റ്ററുടെ കുടുംബത്തോടൊപ്പം ഞാൻ ഒരു ദിവസം സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ ഏതാനും ആളുകൾ അവിടെ വന്നു. പാസ്റ്ററോടൊപ്പം പ്രാർത്ഥിക്കാനാണ് അവർ വന്നത്. അതുകൊണ്ട് കൂടുതലൊന്നും സംസാരിക്കാതെ അവർ പ്രാർത്ഥനയിൽ പങ്കുചേർന്നു. അല്പം കഴിഞ്ഞപ്പോൾ എനിക്ക് കുന്തിരിക്കത്തിന്റെ ഗന്ധം അനുഭവപ്പെട്ടു. അതിന്റെ ഉറവിടം ഏതെന്ന് മനസ്സിലായതുമില്ല. അതുകൊണ്ട് ഞാൻ പ്രാർത്ഥന തുടർന്നു.

അല്പം കഴിഞ്ഞ് ഞാൻ ഒരു ദർശനം കണ്ടു. ആറടിയിൽ അധികം ഉയരം തോന്നുന്ന ഒരാൾ എന്നെ തുറിച്ചു നോക്കുന്നു. കറുത്ത കുപ്പായവും തോപ്പിയുമാണ് വേഷം. നീണ്ട താടിയുമുണ്ട്. പ്രാർത്ഥനയ്ക്കു വന്നവരിൽ ഒരാൾ പെട്ടെന്ന് കുർബ്ബാനയുടെ ട്യൂണിൽ ചൊല്ലാൻ തുടങ്ങി. എന്നിട്ട് സ്വയം പ്രഖ്യാപിച്ചു: "ഞാനാണ് കടമറ്റത്തച്ചൻ". ഞാൻ കണ്ടത് ആരെയാണെന്ന് അപ്പോഴാണ് എനിക്കു മനസ്സിലായത്. കുർബ്ബാനയുടെ ഭാഗമായാണ് കുന്തിരിക്കം മണത്തത്. ഈ ഭൂതത്തെ ഇറക്കാനാണ് അവർ വന്നത്. (അന്നത്തെ പ്രാർത്ഥനയിൽ ആ ഭൂതം വിട്ടുപോയി).

# സുരേഷിൽ നിന്നും ഡോക്ട്രേറ്റ് ലഭിച്ചവരുടെ ലിസ്റ്റ്

Dr. Valerian Sequeira
Advocate, Gujarat High Court, Gujarat

Dr. P. P. George
President, Premier Bible Publications, EKM, Kerala

Dr. K. Koshy
Secretary, IPC Pubjab Region, Director of Punjab Bible College, Ludhiana.

Dr. Y. S. Deva Sundaram
President, Jehovah Nissi Theological Institute, Nagercoil, TN

Dr. Anantapurisaiah
Pastor, Town Congregational, Anantapur, AP

Biju M. George
Quiet Corner India, Cochin, Kerala

Dr. Babu Thomas
President, Gilead Christian Fellowship, TVM, Kerala

Dr. John Mathai
Tribal Mission Church, Alleppey, Kerala

Dr. K. M. Mathews
Administrator, Jesus Calls, rivandrum, Kerala

Dr. Mathew Mannikkarottu
Christian Revival Centre, Mumbai, Maharastra

Dr. A. C. John
IPC, Thiruvalla, Kerala

Dr. M. Edwin Daniel
Millenium Mission, Kanyakumary, TN

Dr. A. Stanely Simon
Director, South Asian Evangelical Mission, Palghat

Dr. Onnonny Paulose
Emmanuel Believers Fellowship, Anantapur, Andhra Pradesh

Dr. Geevarghese
Gospel Home, Adoor.

Dr. Jose Koshy George
Managing Director, Josco Hospital (P) Ltd, Pandalam

Rev. Morrison
Emmanuel Mission International, Kota, Rajastan

Rev. Jacob John
Thiruvalla, Pathanamthitta, Kerala

Rev. Roy K. John
Church of God, Chetpet, Chennai, Tamil Nadu

Mr. Singadi Adam
Emmanuel Believers Fellowship, AP

Dr. Chacko Geevarghese
IPC, Mavelikara, Allappuzha, Kerala

Mr. P. J. Thomas
Suvartha Full Gospel, Malappuram, Kerala

Dr. Varghese K. Varkey
World Mission Church, Kottayam, Kerala

Dr. Poonnamma Chacko
IPC, Alappuzha.

Dr. Joemon Chacko Varghese
IPC Alappuzha, Kerala

Dr. P. J. Abraham
India Christian College, Mavelikkara, Kerala

Dr. Joseph Paul
Apostolic Church of Pentecostal India, Cochin, Kerala

Dr. Packia Raj
Secretary, International Bible School, Marthandam, Tamil Nadu

Dr. S. Mruthyunjaya Rao
Emmanuel Believers Fellowship, Kota, Rajasthan

Dr. John Mathew
Emmanuel Mission School, Jaipur, Rajasthan

Dr. Narinder Kumar Bharti
YMCA Brethern, Rakkar, Himachal Pradesh

Rev. A. A. Shaji
IPC, Jammu & Kashmir

Mr. George Mathew
Pentecost, Uppithara, Idduki

Rev. Thomas Mathai
Emmanuel Theological Seminary, Kota, Rajasthan

Rev. P. G. Varghese
Emmanuel Mission Secondary School, Marwar, Rajasthan

Mr. Alex Pappachan
Director, Holy Spirit Ministries, Wayanad.

Evg. A. C. Mathew
Kukutpally, Hydrebad

Mr. Thyloose
IPC, Kottarakara, Kerala

Mrs. Soji Eldo
IPC, Insight Christian Guidance Centre, Kannur.

Rev. J. Solomon
Manager, Emmanuel Mission School, Alwar, Rajasthan

Mr. David Dinesh Singh
Methodist Church, Ajmet, Rajasthan

Mr. Roby Thomas
Gilgal International Bible College, Kollemcodu, Tamil Nadu

Rev. Meesa Obulaiah
Emmanuel Believers' Fellowship Kurnoor, Andhra Pradesh

Mr. Finny Joy Varghese
World Mission Church, Kottayam, Kerala

Dr. Shibu Thomas
Airport A.G.Church, Bangalore, Karnataka

Dr. Basil Attippetty
New India Church of God, Cochin, Kerala

Dr. George Jacob
Freedom Christian Centre, Trivandrum, Kerala

Mr. Ajayan Abraham
Indian Evagelical Team, Chattisgarh, India

Evg. M. J. Markose
President, Gospel Acting Society, Kottayam, Kerala

Mr. Shibu Paul
Emmanuel Bible Institute, Kota, Rajasthan

Mr. K. V. Wilson
IPC, Mumbai, Maharastra

Mr. Abdul Rabb. A.
South Asian Bible College, Bangalore, Karnataka

Evg. Saji John
GIAFI, Dhar, Madhya Pradesh

Pr. Santhosh Mathew
IPC, Sreekandapuram, Kannur, Kerala

Mr. VIdyapogu Samuel
IPM Church, Kurnoor, Andhra Pradesh

Miss Sceline Dagles
CFIM, Nagpur, Maharastra

Mr. Joyce Sajan Jacob
Pentecost, Chengannur.

Evg. Jean Paul P. Cherian
Bethel Gospel Assembly, Kollam, Kerala

Mr. K. K. Chacko
IPC, Kadamthala, Middle Andaman

Mr. Titus Iswarary
IPC, Peniel Gospel Team, West Bengal

Rev. Mathew Paul
FPCG, Itarsi, Hamirpur, Uttar Pradesh

Rev P. Y. Chacko
IPC, Secundrabad, Andhra Pradesh

Rev. John K. Thomas
IPC, Thumpamon, Pathanamtitta, Kerala

Rev. Sunil P. K.
Good Sherher Church, Kozhikode

Rev. V. A. Thomaskutty
IPC, Baroda, Gujarat

Pr. M. Yesanna
Emmanuel Believers Fellowship, Cuddapah, Andhra Pradesh

Mr. Babu Daniel
Assemblies of God, Pattazhy, Kottarakara.

Pr. Cherian P. Thomas
IPC, Rangat, Middle Andaman

Pr. K. V. Emmanuel Reddy
New Life Fellowship, Anathapur, Andhra.

Pr. S. Vinu Kumar
Calvary Gospel Mission Church, Leh, J & K.

Pr. V. Rabinson
Gilgal Chrstian Assembly, Kanyakumari, Tamil Nadu

Dr. Charly K. Mathew
Sharon Charitable Trust, Kottayam, Kerala

Dr. Baby Pattassaril
India Gospel Assembly, Chennai

Mrs. Binu B. Pattasseril
India Gospel Assembly, Chennai

Rev. Sunny Sam
Bethel Gospel Assembly, Pathanamttitta, Kerala

Mr. Albert Vijayan Japheth
CSI, Cathedral, Calicut.

Dr. Arunachalam
CSI, Secretary, Mamlipuram Pastorate, Madras

Rev. James Varghese
Bethel New Life Church, Karnataka

Rev. Eldo K. Thomas
IPC, Insight Christian Guidance Centre, Kannur.

Mr. Samuel Besra
Shechem Church, Varanasi, Uttar Pradesh

RNI No. 68089 / 97
2004 September 16

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# അനുഭവ പ്രായോഗിക വാദം

Empiricism (അനുഭവവാദം)

ഇന്ദ്രിയാനുഭവങ്ങളാണ് സകലവിധ അറിവുകളുടെയും ഉറവിടം എന്ന ചിന്താഗതിയാണ് എംപിരിസിസം (empiricism). നമ്മുടെ ഇന്ദ്രിയങ്ങളാണ് നമുക്ക് അറിവ് പ്രദാനം ചെയ്യുന്നത് എന്ന പൊതുസങ്കല്പത്തിലാണ് അത് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. പ്രാചീന ഗ്രീക്കുകാരിൽ നിന്നാണ് അതിന്റെ വേരുകൾ മുളച്ചുവന്നത് എങ്കിലും യുക്തിവാദത്തോടും, സുനിശ്ചിതമായ അറിവിന്റെ അടിസ്ഥാനം യുക്തിബോധമാണ് എന്ന അതിന്റെ വിശ്വാസത്തോടുമുള്ള ഒരു എതിർപ്പെന്ന നിലയിലാണ് ഈ ചിന്താഗതി പ്രാബല്യം നേടിയത്. അങ്ങനെ, ജോൺ ലോക്കെ (John Locke), ബിഷപ്പ് ബർക്ക്ലി (Bishop Berkeley), ഡേവിഡ് ഹ്യൂം (David Hume) എന്നിവർ സമസ്ത വിജ്ഞാനവും ഇന്ദ്രിയങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നു വാദിച്ചു. സമ്പൂർണ്ണമായും സുനിശ്ചിതമായും അറിവിന്റെ ഉറവിടം കണ്ടെത്തുവാൻ ശ്രമിക്കുന്ന സംശയവാദത്തോടുള്ള വിമർശനാത്മക പ്രതികരണത്തിന്റെ ഭാഗമായിട്ടാണിതുണ്ടായത്. നമുക്കറിയാവുന്ന കാര്യങ്ങളെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങൾ, ആശയങ്ങളുടെ ബന്ധങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ചു. ന്യായവാദത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും മേഖലയാണ് ആശയങ്ങൾ തമ്മിലുള്ള ബന്ധത്തിന്റേത്. ന്യായവാദത്തിലേയും ഗണിതശാസ്ത്രത്തിലേയും സത്യങ്ങൾ നിർവ്വചന പ്രകാരം സത്യമായവയും അത്യന്താപേക്ഷിതമായവയുമാണ്. (അതായത്, അവ അസത്യമായിരിക്കുക സാദ്ധ്യമല്ല). ഈ സത്യങ്ങൾ മുന്നമെ തന്നെ അറിയപ്പെട്ടവയുമാണ്. (Known apriori).

ഈ സത്യങ്ങൾ യഥാർത്ഥ ലോകത്തിന്റെ ഭാഗമല്ല. ഇതിൽനിന്ന് വിഭിന്നമായി, വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങൾ ഇന്ദ്രിയപരമായ സാധാരണ സംഭവങ്ങളിൽ നിന്നും ഉത്ഭൂതമായവയാണ്. അവ ആഗന്തുകമായി സത്യങ്ങളായിരിക്കുന്നവയാണ്. (Contingently true), അവ അങ്ങനെയല്ലാതാകുവാനും സാദ്ധ്യതയുണ്ട്. നേരിട്ടുള്ള അനുഭവത്തിലൂടെ മാത്രം അതിനു ശേഷം അറിയപ്പെടുന്ന സത്യങ്ങളാണവ. (aposteriori). ലോകം ആയിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് അവ യഥാർത്ഥ അറിവ് നൽകുന്നു, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്താവിക്കപ്പെട്ടതും അവകാശവാദം മുഴക്കപ്പെട്ടതുമായ കാര്യങ്ങളെ ശോധന ചെയ്യുവാൻ അവയെ വേണമെങ്കിൽ ഉപയുക്തമാക്കുകയും ചെയ്യാം. നമുക്ക് ആശയങ്ങളും സങ്കല്പങ്ങളും ഇന്ദ്രിയാനുഭവങ്ങളുമുണ്ടെന്ന് സാമാന്യബുദ്ധി അവകാശപ്പെടുന്നു. ഈ ആശയങ്ങൾ അഥവാ സങ്കല്പങ്ങൾ ഒന്നുകിൽ ആശയങ്ങളുടെ ബന്ധുക്കളാണെന്നോ, ഉളവാകും വിധമോ, അവയെ വിചിന്തനം നടന്ന വിധമോ വിശകലനം ചെയ്യപ്പെടാവുന്നവയാണെന്നോ ഹ്യൂം വാദിച്ചു. ഹ്യൂമിനെ സംബന്ധിച്ചിടത്തോളം പ്രതീതികൾ കാര്യഗ്രഹണത്തിന്റെ നിമിഷത്തിലെ മനസ്സിന്റെ യഥാർത്ഥ അന്തസ്സത്തയാണ്. പ്രതീതികളുടെ അത്രകണ്ടു വ്യക്തമല്ലാത്ത പതിപ്പുകളായിരുന്നു ആശയങ്ങൾ. ഭാവനാശക്തിയുപയോഗിച്ച് അവയെ സങ്കീർണ്ണമായ ആശയങ്ങളായി സംക്രമിപ്പിക്കുവാൻ കഴിയും. അന്ത്യത്തിൽ അനുഭവവാദം (empiricism) അവകാശപ്പെടുന്നത് ഇന്ദ്രിയങ്ങളിൽ നേരത്തേ തന്നെ ഇല്ലാതിരുന്ന യാതൊന്നും മനസ്സിൽ ഉണ്ടാവുക അസാദ്ധ്യമാണെന്നത്രേ.

ആധുനിക അനുഭവവാദം

സംശയവാദികൾക്ക് ഒരു മറുപടിയും എല്ലാത്തരം വിജ്ഞാനത്തിനും ഒരു ഐക്യരൂപവും പൂർണ്ണ ഉറവിടവും അനുഭവവാദം പ്രദാനം ചെയ്യുന്നു. ഇത് വളർച്ച പ്രാപിച്ചത് രണ്ടു വഴികളിലൂടെയാണ്. സുനിശ്ചിതത്വത്തിനു വേണ്ടിയുള്ള അന്വേഷണം അനുഭവങ്ങളെ ലഘൂകരിക്കുവാൻ കഴിയാത്തതും തെറ്റിക്കൂടാത്തതുമായ അനുഭവ ഘടകങ്ങളായി മാറ്റുന്ന വിശകലനത്തിലേക്ക് നയിച്ചു. ഇതിനെ ഇന്ദ്രിയ സംബന്ധമായ വിവരപട്ടിക എന്നാണ് വിളിക്കുന്നത്. നമുക്ക് ഒരിക്കലും തെറ്റുപറ്റാനാവാത്തതായ നമ്മുടെ അനുഭവങ്ങളുടെ പച്ചയായ അടിസ്ഥാനങ്ങൾ ഇവയാണ്. (eg. a reddish blur) ബാഹ്യലോകത്തിന്റെയും സ്വന്തം അസ്തിത്വത്തിന്റെയും യാഥാർത്ഥ്യങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങളെയാണ് ഈ സമീപനം ഉയർത്തിക്കാണിക്കുന്നത്. ലോജിക്കൽ പോസിറ്റിവിസം (Logical Positivism) പ്രത്യക്ഷമായ ഒരു നിർവ്വചനത്തിൽ അടിസ്ഥാനപ്പെട്ട അർത്ഥത്തിനു വേണ്ടി നടത്തുന്ന ഒരു അന്വേഷണമാക്കി അനുഭവവാദത്തെ മാറ്റിയിട്ടുണ്ട്. ഒരു വസ്തുവിന് വേറൊരു അർത്ഥവും ഉണ്ടാകുവാൻ സാധിക്കാത്ത വിധത്തിൽ അതിന് ഒരു പേരു നൽകി. ചൂണ്ടിക്കാണിക്കുന്ന തരത്തിലുള്ള ഭാഷാപഠനം പോലെയാണ് ഇവിടെ വിജ്ഞാനം വീക്ഷിക്കപ്പെടുന്നത്. ശരിയെന്നു തെളിയിക്കുവാനുള്ള ക്ഷമതയെയാണ് അർത്ഥത്തിന്റെ മറ്റൊരു അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്. അവിടെ ഒരു പ്രസ്താവന അർത്ഥവത്താകണമെങ്കിൽ ഇന്ദ്രിയാനുഭവങ്ങളിലൂടെ അത് ശരിയെന്നു തെളിയിച്ചു എങ്കിൽ മാത്രമേ സാദ്ധ്യമാവുകയുള്ളൂ. ഇത് പരിഷ്കരിക്കപ്പെടുകയും, 'ഒരു വ്യാജവത്ക്കരണത്തിന്റെ പ്രമാണം' പോലും (a principle of Falsifiability) ആയിത്തീരുകയും ചെയ്തു. തെറ്റെന്ന് തെളിയിക്കുവാനുള്ള ശ്രമത്തിന്റെ പരാജയത്തിലാണ് അത് വിജ്ഞാനത്തെ ഉറപ്പിക്കുന്നത്.

ഇന്നും ഇന്ദ്രിയാനുഭവങ്ങളിലൂടെ തെളിയിക്കപ്പെടുന്നതിലാണ് (verification), അനുഭവവാദം (empiricism) അടിസ്ഥാനപ്പെട്ടിരിക്കുന്നത്. സംശയവാദത്തിന് ഒരു പരിഹാരമെന്ന നിലയിൽ അനുഭവാധിഷ്ഠിതവും പ്രേരകവുമായ ശാസ്ത്ര സമ്പ്രദായങ്ങളാണ് അത് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. അനുഭവങ്ങളെന്നാൽ ഇന്ദ്രിയാനുഭവങ്ങൾ മാത്രമാണ് എന്ന സങ്കുചിതമായ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് മതപരമായ പ്രസ്താവനകളുടെയും ഉപദേശങ്ങളുടെയും സത്യാവസ്ഥയും സംയുക്തികതയും സംബന്ധിച്ച് അത് സംശയങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.




ഡോമ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച "ന്യൂ ഡിക്ഷണറി ഓഫ് തിയോളജി" എന്ന പുസ്തകത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനങ്ങൾ. പുസ്തകം ആവശ്യമുള്ളവർ പ്രസാധകരുമായി ബന്ധപ്പെടുക. വിലാസം:

**Doma Publications,**
**M.E.S. Complex,**
**Judges Avenue,**
**Kaloor Cochin - 17.**
**Phone: 0484-2401008**

**റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ**

13 പ്രസംഗങ്ങൾ
13 മണിക്കൂർ ദൈർഘ്യം
MP 3 ഫോർമാറ്റ്
വില 100 രൂപ മാത്രം. (പോസ്റ്റേജ് സൗജന്യം). വില എം.ഒ. അയക്കുക.

സി.ഡി. കൊറിയർ സർവ്വീസിലൂടെ യാണ് അയക്കുന്നത്. അതുകൊണ്ട് നിങ്ങ ളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യ പ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതാൻ മറക്കരുത്.

വിലാസം:
The Defender, Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Kerala - Pin. 683542
Phone: 0484-2592249, 94474-14608

**URGENTLY REQUIRED FOR SAUDI ARABIA**

1. **SALES ENGINEER** (Instrumentation ) Oil & Gas
2. **SALES ENGINEER** (Control Values) B.E. or B.Tech with experience in the field of instrumentation
3. **ELECTRICAL ENGINEERS** - B. E. with experience in sales of Electrical Accessories, must be fluent in English & Arabic
4. **RADIOLOGIST**
5. **PATHOLOGIST**
6. **INTERNIST**
7. **PHARMACIST** (M.Pharm) - Muslim
8. **NURSES**
9. **FEMALE SECRETARY** to a Hospital Group, Jeedah, K.S.A. (Graduate in Commerce or Mathematics having Computer Knowledge - Age above 25 Years)
10. **ELECTRICIAN CUM PLUMBER**
11. **CONTINENTAL HOUSE COOK**
12. **BEAUTICIAN**
13. **GARDENER**
14. **AGRICULTURE LABOURER** (Shepherd)
15. **HOUSE DRIVER**

**Interested Candidates can apply with two sets of detailed bio data to:**
**M/s Arab Wings International Travels**

Arab Wings
INTERNATIONAL TRAVELS

**St.George Building, Opp: National Tourist Home, M.C.Road, Perumbavoor.**
**Ph: 0484-2594065, 2593865, 3095253 Email : pbvr@arabwingsindia.com**

**Head Office at Mumbai :**
**M/s Arab Wings International Travels,**
**37, Nesbit Road, Mazagaon, Mumbai - 400 010**
**Ph : (022) 23755566, 23756261, 23756277, 23756288**
**Email : bombay@arabwingsindia.com, Web : http://www.arabwingsindia.com**
**Email : resumes@arabwingsindia.com**

**CARRYING DRUGS TO SAUDI ARABIA LEADS TO DEATH SENTENCE**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan